
# വ്യാപാരകേരളം

**സമ്പൂർണ്ണ മാസിക**

പുസ്തകം 3 ലക്കം 5 പേജുകൾ 46 ഓഗസ്റ്റ് 2022




**അഭിമുഖം**

## മട്ടന്നൂർ ശങ്കരൻകുട്ടി
## താര പ്രഭാകർ

## ഇതാണോ സ്വാതന്ത്ര്യം?
ഫ്രാങ്കോ ലൂയിസ്

- ഹാജറ കെ.എം. • എ.കെ.അനിൽകുമാർ
- രാജു കാഞ്ഞിരങ്ങാട് • സുഭാഷ് പോണോളി
- യൂസഫ് നടുവണ്ണൂർ

# എഡിറ്റേഴ്സ് പേജ്




**മുഖചിത്രം:**
**മട്ടന്നൂർ ശങ്കരൻകുട്ടി**

ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ്ണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി
റയൻ ജോസഫ്



**ക**ഴിഞ്ഞ ലക്കം മാസികയുടെ മുഖചിത്രം രാഷ്ട്രപതി സ്ഥാനാർത്ഥി ദ്രൗപതി മുർമുവിന്റേതായിരുന്നു. വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലായി ആയിരങ്ങൾ മുഖകവർ കാണുകയുണ്ടായി. അനേകർ മുഖകവർ ഷെയർ ചെയ്യുകയുമുണ്ടായി. ഗോത്രകുലജാതയായ ഒരു വനിത, രാജ്യത്തെ പരമോന്നത പീഠം അലങ്കരിക്കുന്നത്, അത്രമേൽ ഹൃദയത്തോട് ചേർത്ത് പിടിച്ചതിന് ഇതും ഒരു തെളിവ് നൽകുന്നു. ഭാരതത്തിന്റെ രാഷ്ട്രപതിയായി ചുമതലയേറ്റ വനിതാരത്നം ദ്രൗപതി മുർമുവിന് മാസികയുടെ ആദരം.

ഈ ലക്കത്തിൽ ഒരു വിശേഷാൽ അഭിമുഖം ചേർത്തിട്ടുണ്ട്. പ്രമുഖ വാദ്യകലാകാരൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടിയുമായി ഞങ്ങളുടെ പ്രതിനിധി താരാപ്രഭാകർ നടത്തിയ അഭിമുഖം, മട്ടന്നൂരിന്റെ ഹൃദയമിടിപ്പ് പകർത്തിയ അപൂർവ അനുഭവമാണ് വരഞ്ഞു വെച്ചിട്ടുള്ളത്. മേളപ്പെരുക്കം ജീവിതം തന്നെയാക്കിയ മട്ടന്നൂരിന്റെ ജീവിതകഥ.

സമകാലിക രാഷ്ട്രീയം ചർച്ച ചെയ്യുന്ന ഫ്രാങ്കോ ലൂയിസിന്റെ പംക്തിയും സംഗീത കാഴ്ചകളുടെ നേർകഥനമായ 'റിഥം ഓഫ് ലൈഫ്' പംക്തിയും തുടരുന്നു. 'ലൈവ്സ് ഓൺ ബിൽബോർഡ്സ്' എന്ന നോവലിനെക്കുറിച്ച് വി. പി. ജോൺസ് തയ്യാറാക്കിയ ആസ്വാദനം, ഒരു പുസ്തകത്തിന്റെ വ്യത്യസ്ത വായന അനുഭവവേദ്യമാക്കും.

വോട്ടു നൽകി പോയെന്ന ഒറ്റക്കാരണത്താൽ അധികാരമേറ്റ സർക്കാരിന്റെ ഭരണ കാലമത്രയും അമിതഭാരം ഏൽക്കേണ്ടിവരുന്ന ജനതയുടെ നേർ ചിത്രണം, കാർട്ടൂൺ കേരളം നിർവഹിച്ചിരിക്കുന്നു. വിവിധ മാധ്യമങ്ങളിൽ എഴുതി തെളിഞ്ഞവർക്കൊപ്പം പുതിയ എഴുത്തുകാരും കവിതയും കഥയുമായി ഈ ലക്കത്തിലുണ്ട്.

മാസികയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന സഹൃദയ സദസ്സ് മികച്ച സാംസ്കാരിക ഇടപെടലുകളിലൂടെ ഇതിനകം ശ്രദ്ധേയയായി കഴിഞ്ഞു. ഈ സാംസ്കാരിക കൂട്ടായ്മയിലേക്ക് എല്ലാ മാന്യ വായനക്കാർക്കും സ്വാഗതം.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






രാജേശ്വരി തുളസി

## അകത്താളുകളിൽ


### ലേഖനം/പംക്തി

ഫ്രാങ്കോ ലൂയിസ്: പേജ് 16
തേജശ്രീ: പേജ് 20

**കാർട്ടൂൺ**

രാജേശ്വരി തുളസി പേജ് 3

**അഭിമുഖം**

താര പ്രഭാകർ പേജ് 8

**പുസ്തകപരിചയം**

പ്രഫ. വി.പി.ജോൺസ് പേജ് 22

**കഥ**

ഉണ്ണി വാരിയത്ത് പേജ് 23
പ്രദീഷ് കുഞ്ചു പേജ് 42
രാജൻ തെക്കുംഭാഗം പേജ് 41

**കവിത**

ഹാജറ കെ.എം. പേജ് 4
എം.കെ. അനിൽകുമാർ പേജ് 5
രാജു കാഞ്ഞിരക്കാട് പേജ് 6
സുഭാഷ് പോണോളി പേജ് 7
അപ്സര ആലങ്ങാട്ട് പേജ് 24
രജനി സുരേന്ദ്രൻ പേജ് 25
സിജി എം.കെ. പേജ് 26
ബഷീർ മുളിവയൽ പേജ് 27
വി.പി.ജോൺസ് പേജ് 28
യുസഫ് നടുവണ്ണൂർ പേജ് 29
ഡോ. പി.സജീവ്കുമാർ പേജ് 30
സെയ്തലവി വിളയൂർ പേജ് 31
ശഫീഖ് അബ്ദുല്ല പേജ് 32
ദീപ ദിനേശ് പേജ് 33
ചാക്കോ ഡി. അന്തിക്കാട് പേജ് 34
ചിത്ര ആർ. പൈ പേജ് 35
കൃഷ്ണകുമാർ മാപ്രാണം പേജ് 36
ഉണ്ണികൃഷ്ണൻ മുതുകുളം പേജ് 37
ശങ്കരൻ കോറോം പേജ് 38
മണിയംകുളം കെ.സുബ്രൻ പേജ് 39
ശൈലജ വർമ്മ പേജ് 40

# തരംഗം



ഹാജറ.കെ.എം

ഒറ്റയ്ക്കിരിക്കുമ്പോൾ മാത്രം ഹൃദയത്തെ
കൊത്തി വലിച്ചിടുന്ന ചിലതുണ്ട്
എവിടെയ്ക്കോ  നടന്നകന്നു പോയ
ചില കാൽപാടുകൾ....

എപ്പോഴൊക്കെയോ ഹൃദയം ഏറ്റു പാടിയ
ചില പാട്ടുകൾ

ചിലപ്പോഴൊക്കെ  ഹൃദയത്തെ നനച്ച
മഴത്തുള്ളികൾ

പാതി നടത്തത്തിൽ
കാലുകളിടറിപ്പോയ ചില ഇടവഴികൾ

ശ്വാസമടക്കിപ്പിടിച്ചിട്ടും കാറ്റു കൊണ്ടുവന്ന്
മുഖത്തേയ്ക്കൊഴുക്കുന്ന
ചില ഗന്ധങ്ങൾ

പനിച്ചൂടിൽ പലവുരു തഴുകിത്തലോടിയ
ചില കരലാളനങ്ങൾ

പലവട്ടം കരളിൽ ഉന്മാദം നിറച്ച ചില യാത്രകൾ

ഒന്നു തലോടുമ്പോൾ പൊള്ളിപ്പിടയുന്ന
ചില നഖക്ഷതങ്ങൾ

രക്തം കൊണ്ടു മാത്രം എഴുതി വച്ച
ചില കവിതകൾ

രാത്രി മാത്രം സാക്ഷിയായ ചില
നെടുവീർപ്പുകൾ

മരിക്കുവോളം ഇടയ്ക്കൊന്നു
തളരുവാൻ

തനിച്ചിരിക്കുമ്പോൾ കണ്ണുകൾ ഇറുകെയടച്ച്
ഇരുട്ടിലൊളിക്കുവാൻ
അരുതെങ്കിലും അനിവാര്യതയുടെ
പുറംചുവരുകൾക്കുള്ളിൽ
ഒളിപ്പിച്ചു വയ്ക്കുവാൻ മാത്രമുള്ള
എന്തോ ചിലത്

ഇനിയും ബാക്കിയുണ്ട്

എത്ര  ആട്ടിയകറ്റിയിട്ടും
വിട്ടു പോവാത്ത ചിലത്





# ഒച്ചയില്ലാ നിലവിളികൾ

വിധിപറയാൻ മാറ്റിവെച്ച്
വിധിപറയാൻ മാറ്റിവെച്ച്
ഒടുവിൽ
വിധിവരുന്നതിനുമുൻപ്
പൊലിഞ്ഞു പോവുന്ന
കുറേ അനാഥ സത്യങ്ങൾ
ഓരോ രാവിലും
നക്ഷത്രക്കണ്ണുമായാകാശത്ത്
എന്തോ ചികയുന്നുണ്ട്.
ആരോടും പറയാതെ
ആരാലും അറിയപ്പെടാതെപോയ
ചില നൊമ്പരച്ചീന്തുകൾ
ആ കണ്ണുകളിൽ
തളർന്നു മയങ്ങുന്നുണ്ട്.
കണ്ടിട്ടും കാണാതെ
കേട്ടിട്ടും കേൾക്കാതെ
ചില കൂമൻകൊല്ലികൾ
ഇരുട്ടിൻ മറവിൽ
ആ നക്ഷത്രക്കുഞ്ഞുങ്ങളെ
വിഴുങ്ങാൻ
തക്കംപാത്തിരുപ്പുണ്ട്.
വിധികൾമാത്രം
സത്യങ്ങളാവുന്ന
വേരറ്റ ഉണക്കമരത്തിൻ
ഇരുൾ പുതപ്പിന്നുള്ളിൽ
വിറപൂണ്ട്
കൂനിയിരിപ്പുണ്ട്
ഒരുപറ്റം
നേരിന്റെ ആത്മാക്കൾ.
എരിഞ്ഞടങ്ങാത്ത ചിതയിലെ
കരിയാത്ത ഓർമ്മതൻ
ഒച്ചയില്ലാ നിലവിളികൾ.



എ. കെ. അനിൽകുമാർ



# കൂടെ ....!



രാജു കാഞ്ഞിരങ്ങാട്

കൂടെ കൂട്ടരുത്
കഴിഞ്ഞ കാലത്തെ,
കുട്ടികളോട്
പറയുകയേ അരുത്
അവർ പരിഹസിച്ച്
അച്ഛന് വട്ടെന്ന് ചിരിക്കും

മുതിർന്നവരോട്
പറയാനേ മുതിരരുത്
നിങ്ങൾ ഏതു പുരാണത്തിൽ
ജീവിക്കുന്നെന്ന്
തിരിഞ്ഞുകുത്തും

മരങ്ങളോട്
മറഞ്ഞുനിന്നു പോലും
പറഞ്ഞേക്കരുത്
തളിർചില്ലകൈകൾ കൊട്ടി
തലതല്ലിച്ചിരിക്കും

പക്ഷികളോട് മിണ്ടല്ലേ
പക്ഷം വീശി
പക്ഷംപിടിച്ച്
പതിരുപതിരേയെന്ന്
പലപാടുംപാറിപ്പറയും

ഇനി,
കനിവോടെ കേൾക്കുമെന്ന്,
കാലത്തിനോടു തന്നെ
പറഞ്ഞാലോ
കൈമലർത്തി കണ്ടില്ലെന്ന്,
കേട്ടില്ലെന്ന്
നടിച്ച് കടന്നു കളയും!

# ഇലയറ്റുപോയ മരം

കവിത

എനിക്കും നിനക്കുമിടയിലൊരു വെയിൽനദി
പരന്നൊഴുകുന്നുണ്ട്.

മണൽപരപ്പിലൊളിച്ച ഉഷ്ണജ്വരം
സൂര്യത്തടയതിർത്തിയിൽ തീ കല്ലുകൾ പാകുന്നു.

രക്തമിറ്റാതെ അറുത്തെടുത്ത ബലിമൃഗ
ശിരസ്സുമായി ഭൂമിയിൽ ഊഷരത തീർത്തവർക്കൊപ്പം
കാലം കാത്തു നിൽക്കുന്നു.

കരിമേഘങ്ങളിൽ കാർകൂന്തൽ ഒളിപ്പിച്ചു
നീയൊരു വർഷത്തെ
കുടിച്ചു തീർക്കുന്നു.


ചത്തൊടുങ്ങിയ ശലഭചിറകുമായൊരു തീവണ്ടി
പാളം തെറ്റിയവന്റെ മതിഭ്രമങ്ങളെ വലംവയ്ക്കുന്നു.
കൊഴിഞ്ഞുവീണ കിതപ്പിന്റെ കൊടുമുടിയിൽ
നിന്നൊരു കാറ്റ്  നേരുകളെ
വേട്ടയാടി പിടിക്കാൻ ചൂണ്ട കോർക്കുന്നു.



സുഭാഷ് പോണോളി

ചൂളയിലെ വെണ്ണീറിന്റെ ഗന്ധം
മരണം കവരുന്ന കുന്നിന്റെ നെറുകിലെ
ശിലകളെ പുതയ്ക്കുന്നു.
അളവറിയാതെ
ചോറ്റുപാത്രത്തിൽ അമ്മ വിളമ്പിയ വറ്റുകൾ
വിശപ്പിന്റെ മുള്ളാണികളിൽ തുരുമ്പെടുക്കുന്നു.
ഏകാന്തതയിൽ ചില്ലു തുണ്ടുകളെ മുഖങ്ങളായി
വിഭജിച്ചു നാം, നേർച്ചക്കോഴികളാകുന്നു.
മോക്ഷരാത്രിയിൽ ഇണചേർന്ന കടവാവലുകൾ
കരിമ്പനകളിൽ ശബ്ദവീചികൾ
ശ്രവിച്ച് മൃത്യുവിൻ കരങ്ങളെ തിരിച്ചറിയുന്നു.
പാലമരത്തിലെ വെളുത്ത പൂക്കളെ നോക്കി പകൽ
നിന്റെ മക്കൾക്ക് കുഞ്ഞുടുപ്പു തുന്നുന്നു.
എന്റെ കറുത്ത കിടാങ്ങൾക്ക് ഇലയറ്റുപോയ മരം
തൂങ്ങിയാടാനൊരു കയറൂഞ്ഞാൽ
ചൂണ്ടി കണ്ണു പൊത്തുന്നു.

എന്റെ പൈതങ്ങൾ ഇരുളറിയാതെ
ജൻമകാണ്ഡത്തിന്റെ ചില്ലയിലെ
വിഷപ്പൂ പറിയ്ക്കുന്നു
നാം രാത്രി രതി മിശ്രണങ്ങളുടെ
കിടപ്പറയിൽ തപസ്സനുഷ്ഠിക്കുന്നു.





മട്ടന്നൂർ ശങ്കരൻകുട്ടി,
താര പ്രഭാകർ

# വാദ്യകലയിലെ മട്ടന്നൂർപ്പെരുമ

**താളലയങ്ങളുടെ അവാച്യമായ അനുഭൂതി തീർത്ത് ചെണ്ടപ്രേമികളെ മേളക്കൊഴുപ്പിന്റെ അവിസ്മരണീയമായ ധന്വനിമിഷങ്ങളിൽ ആറാടിക്കുന്ന മാന്ത്രികവിരലുകൾ... കേരളീയ വാദ്യമായ ചെണ്ടയ്ക്ക് ആഗോള പ്രശസ്തി നേടിക്കൊടുത്ത അതുല്യപ്രതിഭയുടെ കലാജീവിതത്തിലൂടെ....**

കേരളത്തിലെ അതിപ്രശസ്തനായ വാദ്യകലാകാരനാണ് മട്ടന്നൂർ ശങ്കരൻകുട്ടി.

ചെണ്ട എന്ന വാദ്യോപകരണത്തിൽ തന്റെ കഴിവിന്റെ കരുത്തും കൈപുണ്യവും കൂട്ടി ചേർത്ത് മട്ടന്നൂർ തീർക്കുന്ന നാദബ്രഹ്മത്തിന്റെ മാസ്മരികതയിൽ മനം മയങ്ങിയവരാണ് നമ്മൾ . വാദ്യകലയിലെ പെരുന്തച്ചന്റെ പ്രശസ്തി ലോകമെമ്പാടും എത്തി നിൽക്കുന്നു. ലോക പ്രശസ്തമായ ഓക്സ്ഫോർഡ് സർവകലാശാലയിൽ ചെണ്ടവാദ്യത്തെ കുറിച്ച് പ്രഭാഷണം അവതരിപ്പിക്കാൻ പോലും അദ്ദേഹം ക്ഷണിക്കപ്പെടുകയുണ്ടായി. നിരവധി പുരസ്ക്കാരങ്ങൾക്കു പുറമെ വാദ്യകലയിലെ മികവിന്റെ അംഗീകാരമായി 2009 ൽ ഭാരതസർക്കാർ പത്മശ്രീ പുരസ്ക്കാരം നൽകി അദ്ദേഹത്തെ

ആദരിച്ചു. തായമ്പകയിലും പഞ്ചവാദ്യത്തിലും മറ്റു മേളങ്ങളിലും ഒതുങ്ങി നിന്നില്ല മട്ടന്നൂരിലെ പ്രതിഭ. സക്കീർ ഹുസൈൻ, ഉമയാൾ പുരം ശിവരാമൻ, ശിവമണി തുടങ്ങിയ മഹാരഥൻമാർ മുതൽ ബാലഭാസ്കർ , സ്റ്റീഫൻ ദേവസ്സി തുടങ്ങി പുതു തലമുറയിലെ പ്രതിഭാധനരായ കലാകാരൻമാർക്കൊപ്പം ചേർന്ന് ചെണ്ടയെ കൂടുതൽ ജനകീയമാക്കി. പാശ്ചാത്യ പൗരസ്ത്യ വാദ്യങ്ങളുമായി ചെണ്ടയെ ഇണക്കി.കേരള സംഗീത നാടകഅക്കാദമിയുടെ നിയുക്ത ചെയർമാനായ മട്ടന്നൂർ ശങ്കരൻ കുട്ടിയുടെ ഓർമ്മകളിലൂടെ ..

**1. ക്ഷേത്രാരാധനകളുടെയും സോപാന സംഗീതത്തിന്റെയും അന്തരീക്ഷത്തിലാണ് വളർന്നുവന്നത്. വീട്ടിൽ നിന്നു തന്നെ ചെണ്ടയും ഇടയ്ക്കയും അഭ്യസിക്കാൻ കഴിഞ്ഞു. ഓർമ്മയിലെ ആ ബാല്യത്തെക്കുറിച്ച്**





എന്റെ ജന്മം എന്നു പറഞ്ഞാൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂരുള്ള മാരാര് കുടുംബത്തിലാണ്. ഒരു 68 കൊല്ലം മുമ്പത്തെ കഥയാണ് .ആ കാലത്ത് മാരാരുടെ അവകാശമായിരുന്നുഅവനവന്റെ വീടിന്റെ അടുത്തുള്ള ക്ഷേത്രത്തിലെ അടിയന്തിര പ്രവൃത്തികൾ. കുറച്ചു കൂടി തമാശയിൽ പറഞ്ഞാൽ ക്ഷേത്ര ജീവികളായിട്ടാണവരെ അന്ന് കണക്കാക്കപ്പെട്ടിരുന്നത്. അതായത് വാദ്യം, പൂജ കൊട്ട്, ഇടയ്ക്ക കൊട്ട്, കൊട്ടിപ്പാട്ട് സേവ എന്നിവ അവർക്കു മാത്രം പറഞ്ഞതാണ്.

അച്ഛൻ കുഞ്ഞികൃഷ്ണമാരാർ മട്ടന്നൂർ കോ.ഓപ്പററ്റീവ് ബാങ്ക് സെക്രട്ടറിയായിരുന്നു. അദ്ദേഹം ഒരു വാദ്യകലാകാരനായിരുന്നു. നന്നെ ചെറുപ്പം തൊട്ട് കേൾക്കുന്ന ശബ്ദങ്ങൾ ചെണ്ടയുടേയും ഇടയ്ക്കയുടേതും മാത്രമാണ്. അച്ഛന്റെ കാഴ്ചപ്പാടിൽ എന്നെ ചെണ്ടകൊട്ട് പഠിപ്പിച്ചാൽ നന്നാവുമെന്ന് തോന്നിയിരിക്കാം. രാത്രി എട്ടരമണിക്ക് ഭക്ഷണം കഴിഞ്ഞാലാണ് അച്ഛൻ പഠിപ്പിക്കാനിരിക്കുക എനിക്കാണെങ്കിൽ അന്നും ഇന്നും രാത്രി ഭക്ഷണം കഴിഞ്ഞാൽ കൺപോളകൾ തൂങ്ങാൻ തുടങ്ങും. അച്ഛനാണെങ്കിൽ പഠിച്ചത് മൂന്നുപ്രാവശ്യം കൊട്ടി കാണിക്കണം. ഉറക്കത്തിന്റെ ധൃതിയിൽ കൊട്ടികാണിക്കുക എന്നത് എനിക്ക് ഒരു പണിയെ അല്ലായിരുന്നു. പിഴയ്ക്കാതെ കൊട്ടുന്നതുകൊണ്ട് അച്ഛന് എന്നിൽ നല്ല വിശ്വാസവും ഉണ്ടായിരുന്നു.

കൊട്ടിക്കഴിഞ്ഞാൽ നേരെ അമ്പലത്തിലേക്ക്. അവിടെയാണ് ഉറക്കം. മട്ടന്നൂർ മഹാദേവ ക്ഷേത്രമാണ് തൊട്ടടുത്തുള്ള അമ്പലം. അവിടെ രാവിലെ മൂന്നു മണിക്ക് ശംഖുവിളിച്ച് പള്ളിയുണർത്തേണ്ടത് എന്റെ ജോലിയാണ്. അന്ന് മട്ടന്നൂർ മധുസൂദനൻ തങ്ങൾ എന്ന നാട്ടുപ്രമാണിയുടെ കീഴിൽ രാജകീയ പ്രൗഢിയിലായിരുന്നു ഞങ്ങളുടെ നാട്. ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ അവിടെ വരാൻ എല്ലാവർക്കും സാധിച്ചിരുന്നു. അമ്പലത്തിൽ ഒരു ഗ്രന്ഥശാല തന്നെ ഉണ്ടായിരുന്നു. അവിടെ എന്നും എല്ലാവർക്കും സദ്യയുണ്ടാകും. മാങ്ങ ഉപ്പിലിടുന്നതുപോലും ആലോഷമാക്കിയിരുന്ന ഒരു കാലമായിരുന്നു അത്. അമ്പലം അല്ല അത് ശരിക്കും ഞങ്ങളുടെ വീട് തന്നെയായിരുന്നു. കൃത്യനിഷ്ഠയോടെയുള്ള പഠനവും ചിട്ടയും ഉറക്കവും എല്ലാം അവിടെ നിന്നാണ് പഠിച്ചത്. അതുകൊണ്ട് ബാല്യകാലോർമ്മകൾ ഇന്നും മട്ടന്നൂർ മഹാദേവക്ഷേത്രത്തിന്റെ തിരുമുറ്റത്ത് തന്നെയാണ്.

**2) മട്ടന്നൂർ മഹാദേവ ക്ഷേത്രത്തിൽ നിത്യപൂജയ്ക്ക് ആദ്യമായി ചെണ്ട തോളത്ത് തൂക്കുമ്പോൾ അഞ്ച് വയസ്സ്.... ആ കൊച്ചു ശങ്കരൻകുട്ടിയുടെ മനസ്സിലൂടെയൊന്ന് സഞ്ചരിച്ചാൽ ....**

ഹ...ഹ... നീർക്കോലിയുടെ കുട്ടിയെ നീന്തൽ പഠിപ്പിക്കേണ്ട എന്നു പറയുന്നതു പോലെ അല്ലേ അത് ... ആ കാലത്ത് മാരാർ കുടുംബത്തിൽ ജനിച്ച 98% മാരാർമാർക്കും ആ സിദ്ധി പൂർവ്വികൻമാരിൽ നിന്നും പകർന്നു

കിട്ടുന്നതാണ്. നാളേയ്ക്ക് കൃത്യമായി ജീവിക്കാനുള്ള ഉപാധിയെന്ന നിലയിൽ ചെണ്ടകൊട്ട് നമ്മളറിയാതെ തന്നെ മനസ്സിൽ കയറിയിരിക്കും. അന്ന് ഉറങ്ങുന്നതുപോലും അമ്പലത്തിലെ കൊട്ടും പാട്ടും കേട്ടുകൊണ്ടായിരുന്നു. അതുകൊണ്ടു തന്നെ പഠിക്കുന്നതിനു മുമ്പെ കൊട്ടുക എന്നത് എനിക്ക് ഒരു ബുദ്ധിമുട്ടേ ആയിരുന്നില്ല ...



**3) ചെണ്ടയിൽ ആരാണ് ഗുരു**

അച്ഛൻ കുഞ്ഞികൃഷ്ണമാരാർ. ചെണ്ടയിൽ മാത്രമല്ല ജീവിത പാഠങ്ങൾ പകർന്നു തന്നതും അദ്ദേഹം തന്നെയാണ്. ചെണ്ട സത്യവും ദൈവചൈതന്യവുമുള്ള ഒന്നാണെന്നും വിശുദ്ധിയുള്ള മനസ്സോടും ശരീരത്തോടും കൂടി മാത്രമെ അതിനെ സമീപിക്കാവൂ എന്നു പഠിപ്പിച്ചതും അച്ഛൻ തന്നെ.

**4) ഒരു കല എന്ന നിലയിൽ ചെണ്ട വാദ്യത്തെ ഗൗരവത്തോടെ കാണാൻ തുടങ്ങിയതെപ്പോഴാണ്?**

പന്ത്രണ്ടാം വയസ്സിൽ.. അക്കാലത്താണ് കഥകളി കൊട്ടും ചെണ്ടയും പരിശീലിക്കാനായി പാലക്കാട് പേരൂർ ഗാന്ധി സേവാസദനത്തിൽ എത്തുന്നത് . അവിടെ പല്ലശന ചന്ദ്രമന്നടിയാരും സദനം വാസുദേവനുമായിരുന്നു എന്റെ ഗുരുക്കൾ .

**5) ഇതേവരെയായി എത്ര വേദികളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്?**

എണ്ണിയിട്ടില്ല. എന്തായാലും 5000 ത്തിനടുത്ത് വരും.

കേരളത്തിൽ അങ്ങോളമിങ്ങോളം പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ ബംഗ്ളൂരു, ചെന്നൈ, ഹൈദരാബാദ്, മുംബൈ, ഡൽഹി, കൊൽക്കത്ത എന്നീ ഇന്ത്യയിലെ വൻ നഗരങ്ങളിലും കൂടാതെ ലോകത്തെ ഒട്ടുമിക്ക ഭാഗങ്ങളിലും ചെണ്ടമേളം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്.

**6) തൃശ്ശൂർ പൂരത്തിന്റെ പ്രധാന ആകർഷകങ്ങളിലൊന്നായ ഇലഞ്ഞിത്തറമേളത്തിന്റെ അരങ്ങിൽ കുറേ കാലം താങ്കളും സംഘവും സജീവമായി ഉണ്ടായിരുന്നു എന്നാൽ ഇപ്പോഴില്ല. എന്തുപറ്റി?**

1972 മുതൽ 36 വർഷക്കാലം പൂരത്തിന് തിരുവമ്പാടിക്കാരുടെ വാദ്യമേളക്കാർക്കൊപ്പം ഞാനുമുണ്ടായിരുന്നു. 6 വർഷം മേളത്തിന്റെ പ്രമാണിയായിരുന്നു. പിന്നീട് സംഘാടകസമിതിയിലെ ചിലരുടെ നിലപാടും ശാഠ്യവും ശൈലിയും ശരിയല്ലെന്ന് മനസ്സ് പറഞ്ഞപ്പോൾ വേണ്ട എന്ന് തോന്നി.

**7) ചെണ്ടമേളത്തിൽ മട്ടന്നൂർ ശൈലി എന്നൊന്ന് രൂപപ്പെട്ടിട്ടുണ്ടല്ലോ. അതിനെ**

**1972 മുതൽ 36 വർഷക്കാലം പൂരത്തിന് തിരുവമ്പാടിക്കാരുടെ വാദ്യമേളക്കാർക്കൊപ്പം ഞാനുമുണ്ടായിരുന്നു. 6 വർഷം മേളത്തിന്റെ പ്രമാണിയായിരുന്നു. പിന്നീട് സംഘാടകസമിതിയിലെ ചിലരുടെ നിലപാടും ശാഠ്യവും ശൈലിയും ശരിയല്ലെന്ന് മനസ്സ് പറഞ്ഞപ്പോൾ വേണ്ട എന്ന് തോന്നി.**

ക്കുറിച്ച്

ജനങ്ങളായിട്ടാണ് അതുണ്ടാക്കിയത്. ഞാനെന്റെ വഴിയിലൂടെ സഞ്ചരിച്ചു. എന്റെ അനുഭവങ്ങളും പാഠങ്ങളും നിരീക്ഷണങ്ങളും ചേർത്ത് എന്റേതായ പരീക്ഷണങ്ങൾ ഈ രംഗത്ത് കൊണ്ടുവരണമെന്ന് തോന്നി. അത് ജനങ്ങൾ സ്വീകരിച്ചു.അംഗീകരിച്ചു.

**8) എല്ലാ വാദ്യകലകളേയും പേരൂർ ഗാന്ധി സേവാസദനത്തിൽ വച്ചാണ് ഗൗരവത്തോടെ പഠിക്കാൻ തുടങ്ങിയത് എന്നു കേട്ടിട്ടുണ്ട്. ആ കാലത്തെക്കുറിച്ച് ....**

പന്ത്രണ്ടാം വയസ്സിൽ പാലക്കാട് ജില്ലയിലെ പത്തിരിപാലം പേരൂർ ഗാന്ധിസേവാസദനത്തിൽ ഒരു കഥകളി ചെണ്ട വിദ്യാർത്ഥിയായിട്ടാണ് ഞാനെത്തുന്നത് അന്ന് സദനത്തിൽ അക്കാദമിക് വിദ്യാഭ്യാസവും ഉണ്ടായിരുന്നു.. ഒരേ മാനേജ്മെന്റിന്റെ കീഴിലാണ് രണ്ട് സ്ഥാപനവും ഉണ്ടായിരുന്നത്. ഇതിനു പുറമെ നൂൽനൂല്പ്, പാത്രനിർമ്മാണം, ഖാദി നെയ്ത്ത് എന്നിവയും അവിടെ പഠിപ്പിച്ചിരുന്നു തികച്ചും ഗാന്ധിയനായിട്ടുള്ള കെ കുമാരൻ ആയിരുന്നു ആ സ്ഥാപനത്തിന്റെ സെക്രട്ടറി. TTC കഴിയുന്നതു വരെയുള്ള പഠിപ്പ് പഠിക്കാനുള്ള സൗകര്യവും ഉണ്ട് സ്കൂൾ പഠനം അവർക്കു നിർബന്ധം ഉണ്ടായിരുന്നില്ല. വരുന്ന കുട്ടികൾക്കൊ അവരുടെ രക്ഷിതാക്കൾക്കൊ വേണമെന്നിൽ പഠിക്കാനുള്ള സൗകര്യം ചെയ്തുതരും.

അച്ഛൻ എന്നെ അവിടെ ഏഴാം ക്ലാസിൽ ചേർത്തു. നാല് കൊല്ലമാണ് കഥകളി ചെണ്ടയുടെ കോഴ്സ്'. സ്റ്റൈപ്പന്റും കിട്ടിയതുകൊണ്ട് വീട്ടിൽ നിന്ന് ഒന്നും തരേണ്ട ആവശ്യമില്ല. ആദ്യത്തെ കൊല്ലം മട്ടന്നൂർക്ക് തിരിച്ചെത്തിയാൽ മതീന്ന് ഉള്ള പ്രാർത്ഥനയായി. കാരണം ഇവിടെ രാവിലെ 3 ന് തുടങ്ങിയാൽ രാത്രി പത്ത് മണി വരെ പഠിത്തമാണ്. സ്ക്കൂളിന്റെ സമയമാണെങ്കിൽ സാധാരണ സ്ക്കൂളിന്റെ സമയം തന്നെ.കഥകളി ചെണ്ട വിദ്യാർത്ഥികൾക്ക് ചെറിയ എളവ് ഉണ്ടായിരുന്നു. രാവിലെ പത്തരയ്ക്ക് എത്തിയാൽ മതി. അതു പോലെ വൈകുന്നേരം കുറച്ച് നേരത്തെ ഇറങ്ങാം. പട പേടിച്ച് പന്തളത്ത് ചെന്ന അവസ്ഥയായി എന്റേത്. മട്ടന്നൂരാണെങ്കിൽ കടയിൽ പോക്കും ശംഖ് ഊതലും മാത്രമാണ് ചെയ്യേണ്ടത്. ഏത് കാര്യവും ശീലമായാൽ സാദ്ധ്യമാകും എന്ന് പറഞ്ഞതു പോലെ നാല് കൊല്ലം അങ്ങനെ കഴിഞ്ഞു. പിന്നെ തിരിച്ച് വടക്കെ മലബാറിലേക്ക് പോയാൽ വാദ്യപ്രവർത്തനത്തിന് അവസരം എളുപ്പമല്ല. അങ്ങനെ വെള്ളിനേഴിയിൽ തന്നെ തുടരാൻ തീരുമാനിച്ചു. സെക്രട്ടറിക്ക് എന്നോടുള്ള പ്രത്യേക ഇഷ്ടം കാരണം ചൊല്ലിയാട്ടത്തിന് കൊട്ടാൻ നിന്നോളൂന്ന് പറഞ്ഞു അദ്ദേഹം ഒരു സൗകര്യം കൂടി ചെയ്തു തന്നു . ഇടയ്ക്കയിലെ ഏറ്റവും വലിയ മഹാരഥനായ പട്ടരാത്ത് ശങ്കരൻ നായരുടെ കീഴിൽ ഇടയ്ക്ക പഠിക്കാനയച്ചു. അവിടെ നിന്നാണ് എന്റെ വാദ്യജീവിതത്തിന്റെ തുടക്കം ആരംഭിക്കുന്നത്.

**9) മട്ടന്നൂർ ശങ്കരൻകുട്ടിയുടെ കലാജീവിതത്തിലെ ഒരു ഘട്ടം തുടങ്ങുന്നത് പട്ടരാത്തു ശങ്കരൻനായരുടെ കീഴിൽ ഇടയ്ക്ക പഠിക്കാൻ ചെല്ലുന്നതോടെയാണ് ...... ഇടയ്ക്കാപഠനം സ്മരണകളിലൂടെ...**

ഞാൻ പറഞ്ഞല്ലൊ, ഗാന്ധിസേവാസദനത്തിൽ കഥകളി കൊട്ട് പഠിച്ച് കഴിഞ്ഞപ്പോൾ മട്ടന്നൂരിലേക്ക് മടങ്ങേണ്ട എന്ന തീരുമാനത്തിലെത്തി. ഗാന്ധിസേവാ സദനം സ്ഥാപക സെക്രട്ടറി കെ കുമാരന്റെ കത്തു


ഗുരു സ്മരണയിൽ വിതുമ്പി മട്ടന്നൂർ

മായി ശങ്കരൻനായരെ ചെന്ന് കണ്ടു. ഈ പട്ടരാത്ത് ശങ്കരൻ നായർ എന്നു പറഞ്ഞാൽ സാക്ഷാൽ പല്ലാവൂർ അപ്പുമാരാരുടെ അച്ഛ നാണ്. അന്നു തന്നെ എന്റെ കണക്കിന് അ ദ്ദേഹത്തിന് ഏകദേശം ഒരു 73 വയസ്സ് പ്രാ യം വരും. സെക്രട്ടറി കൊടുത്തയച്ച കത്ത് അദ്ദേഹം ഒരു മൂന്നു പ്രാവശ്യം വായിച്ചത് ഇന്നും ഞാൻ ഓർക്കുന്നു. അതിൽ അടിവ രയിട്ട് എഴുതിയ വരികൾ അന്ന് എനിക്ക് മ നസ്സിലായിരുന്നില്ല. പിന്നീടാണ് അതൊക്കെ മനസ്സിലാവുന്നത്. ആ വരികൾ ഇന്നും മന സ്സിലുണ്ട്. 'വടക്കെ മലബാറുകാരൻ ശങ്കരൻ കുട്ടി എന്ന മാരാര് കുട്ടിയെ പഠിക്കാൻ അ യക്കുന്നു'. അവരുടെ കണക്കിൽ ഞാൻ എ ല്ലാം കൊണ്ടും ഒ.കെ യാണ്. പത്താം ക്ലാ സ് പാസ്സായിട്ടുണ്ട്. കഥകളി കൊട്ട് പഠിച്ചി ട്ടുമുണ്ട് പോരാത്തതിന് മാരാരും. ഞാനൊ രു മാരാർ കുട്ടി ആയതു കൊണ്ട് തന്നെ അദ്ദേഹത്തിന് എന്നോട് ഒരു പ്രത്യേക താ ല്പര്യം ഉണ്ടായിരുന്നു. എത്ര വാത്സല്യമു ണ്ടെങ്കിലും പഠനത്തിന്റെ കാര്യത്തിൽ തരി മ്പും വിട്ടുവീഴ്ചയുണ്ടായിരുന്നില്ല.അദ്ദേഹ ത്തിന് 'ങ്ക' എന്ന അക്ഷരം വഴങ്ങാത്തതു കൊണ്ട് എന്നെ ചക്കരക്കുട്ടീന്നാണ് വിളി ക്കുക. അദ്ദേഹം എപ്പോഴാണൊ ഉറക്കമുണ രുന്നത് അപ്പോൾ പരിശീലനം തുടങ്ങും. അ ത് രാത്രി പന്ത്രണ്ട് മണിയാവാം... രണ്ട് മ ണിയാവാം. ഉറക്കമുണർന്നാൽ അപ്പൊ കൊട്ട് തുടങ്ങണം. പിന്നെ ചോദ്യങ്ങളില്ല രാവിലെ 6 മണിവരെ നിന്നു കൊട്ടണം. ഇ ടയ്ക്കയുടെ ശബ്ദത്തിന്റെ ശ്രുതിയിൽ വല്ല തെറ്റും വരുത്തിയാൽ അപ്പൊ ചോദിക്കും... അത്ര താഴ്ത്തണൊ ? അത്രയ്ക്ക് ശ്രദ്ധ ആ യിരുന്നു. തിരുവമ്പാടി വിഭാഗത്തിന്റെ അ ടിയന്തിരക്കാരനായിരുന്ന അദ്ദേഹം തന്നെ യാണ് എന്നെ തിരുവമ്പാടിയിൽ എത്തിച്ച ത്.

**10) 1979 ലാണ് ആദ്യത്തെ വിദേശ യാ ത്ര എന്നു കേട്ടിട്ടുണ്ട്. ആ യാത്രയിലെ എ ന്തെങ്കിലും ഓർമ്മകൾ പങ്കുവെയ്ക്കാ മൊ?**

1979 ലാണ് ആദ്യത്തെ വിദേശയാത്ര . പോളണ്ടിലേക്കായിരുന്നു. തുടർന്ന് ഇംഗ്ലണ്ട് , ഫ്രാൻസ്, ഇറ്റലി, ബെൽജിയം, നോർവെ, സ്വീഡൻ, സ്വിറ്റ്സർലൻഡ് തുടങ്ങി ഒട്ടുമി ക്ക യൂറോപ്യൻ രാജ്യങ്ങളിലും പോയി കൂ ടാതെ അമേരിക്ക, സിങ്കപ്പൂർ, ഹോങ്കോങ്, ബ്രസീൽ, മൊറോക്കോ ഇസ്രായേൽ, ശ്രീ ലങ്ക, ഗൾഫ് രാജ്യങ്ങൾ. ഇംഗ്ലണ്ടിൽ തന്നെ 30 തവണ പോയിട്ടുണ്ട്. കണ്ണൂരിൽ നിന്ന് ഇവിടെ എത്തുന്നതിനേക്കാൾ എളുപ്പമാണ് എനിക്ക് ലണ്ടനിലെ ഹീത്രോ വിമാനത്താ വളത്തിലിറങ്ങി ഇംഗ്ലണ്ടിന്റെ ഏത് ഭാഗത്ത് ചെന്നെത്തുന്നതും.

**11) ലോക പ്രശസ്തമായ ഓക്സ്ഫോർ ഡ് സർവകലാശാലയിൽ ചെണ്ടവാദ്യ ത്തെ കുറിച്ച് പ്രഭാഷണം അവതരിപ്പിച്ച പ്പോഴുണ്ടായ അനുഭവം**

അതൊക്കെ ജീവിതത്തിൽ കിട്ടിയ മനോ ഹരമായ ഓർമ്മകളാണ്. നൃത്തസംബന്ധ മായ വിഷയവുമായി പത്ത് മുപ്പത് കൊ ല്ലം മുമ്പ് ലണ്ടനിൽ പോയപ്പോഴാണ് അതി നവസരം ലഭിച്ചത്. ഞാനും ഉണ്ണികൃഷ്ണ നും പ്രത്യേകം പ്രത്യേകം ക്ലാസുകൾ എ ടുത്തിരുന്നു. റിക്ക്, ഹെലൻ എന്ന ദമ്പതി കളും കൂടെയുണ്ടായിരുന്നു. റിക്ക് ഇവിടെ വെള്ളിനേഴിയിൽ വന്നു താമസിച്ച് നൃത്തം അവതരിപ്പിച്ചിരുന്നു. അതൊക്കെ അന്നൊ രു ത്രില്ല് ആയിരുന്നു.

**12) ട്രിപ്പിൾ തായമ്പകയുടെ ശബ്ദ ദൃ ശ്യ വിസ്മയത്തിന്റെ മനോഹാരിത ധാരാ ളംകേട്ടറിഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ...**

ഒന്നാമത്തേത് എന്റെ ഇഷ്ടം കൃത്യമായി കൊണ്ടുനടക്കാൻ പറ്റുന്ന വേദികളാണ്.അ തൊരു വലിയ ഘടകം തന്നെയാണ് .രണ്ടാ മതായി പറയുകയാണെങ്കിൽ ഞാനെന്താണ് മനസ്സിൽ വിചാരിക്കുന്നത് അത് കൃത്യമാ യി പങ്ക് വയ്ക്കാൻ സാധിക്കണം. മക്കളോ ടൊപ്പമാവുമ്പോൾ ഒരുമിച്ചുള്ള താമസം, ദി വസേന ഈ വിഷയത്തെക്കുറിച്ചുള്ള ആ ലോചനകൾ താല്പര്യങ്ങൾ, എന്നിവ ചേർ ന്നുവരും. കൊട്ടി നോക്കിയിട്ടേ ഞങ്ങൾ ഇ ന്നും അരങ്ങത്ത് കൊട്ടാറുള്ളൂ.. മൂത്ത മകൻ ശ്രീകാന്ത് കൊട്ടുമ്പോൾ അനിയൻ ശ്രീരാ ജിന് മനസ്സിലാവും. ഏട്ടൻ ഏത് വഴിക്കാ ണ് പോവുന്നതെന്ന്. ഇവർ രണ്ടാളും പോ കുമ്പോൾ എനിക്ക് മനസ്സിലാവും മക്കൾ ഇ ന്ന വഴിക്കാണെന്ന്.. ആ മാനസിക യോജി പ്പ്.. അതാണ് പ്രധാനം അപ്പോൾ മൂന്നുപേർ ക്കും അവനവന് അറിയാത്ത സന്തോഷ ങ്ങൾ വന്നു ചേരും. അത് കൊണ്ട് തന്നെ ഓരോ അരങ്ങത്ത് നിന്നും ഞങ്ങൾ ഇന്നും

പഠിക്കുക തന്നെയാണ്.

**13) ചെണ്ടമേളം തായമ്പക പഞ്ചവാദ്യം. ഇതിൽ ഏതാണ് ഏറ്റവും ഇഷ്ടം**

അത് പറയാൻ പറ്റില്ല. മൂന്നും ഒരുപോലെ ജീവിതത്തോട് ചേർത്തു വച്ചിരിക്കയാണ്.

**14) വാദ്യകലയിലെ മികവിന്റെ അംഗീകാരമായി ധാരാളം അവാർഡുകൾ അങ്ങയെ തേടി എത്തിയിട്ടുണ്ടല്ലോ... അതിനെ കുറിച്ച്**

ഒരുപാടുണ്ട്. കേരള- കേന്ദ്ര സംഗീതനാടക അക്കാദമി അവാർഡ്, കലാദർപ്പണ അവാർഡ്, മേളാചാര്യ അവാർഡ് അങ്ങനെ അങ്ങനെ .. 2009 ൽ രാജ്യം പത്മശ്രീയും തന്നു ആദരിച്ചു.

**15) 1999 ൽ പുറത്തിറങ്ങിയ വാനപ്രസ്ഥം എന്ന മലയാള ചലച്ചിത്രത്തിൽ ഒരു പ്രധാന വേഷം ചെയ്തിട്ടുണ്ടല്ലോ ... ആ ഓർമ്മകളെ കുറിച്ച് ...**

അതൊരു വലിയ ഭാഗ്യമായിട്ടാണ് ഞാൻ കാണുന്നത്. മോഹൻലാലിനെ പോലെ മഹാനായ ഒരു നായകന്റെ കൂടെ... അതും കഥകളിയുമായി ബന്ധപ്പെട്ട ഒരു വേഷത്തിൽ അഭിനയിക്കാൻ പറ്റിയെന്നത് ജീവിതത്തിൽ കിട്ടിയ വിലമതിക്കാൻ പറ്റാത്ത ഒരു നേട്ടം തന്നെയായിരുന്നു.

ആ സിനിമയിലേക്ക് വരാൻ ഒരു കാരണമുണ്ടായിരുന്നു. ഡൽഹിയിൽ ഇന്ദിരാ ഗാന്ധി ആർക്കൈവിന് വേണ്ടി ഒരു ഡോക്യുമെന്ററി ചെയ്യാൻ ചിത്രത്തിന്റെ സംവിധായകൻ ഷാജി. എൻ.കരുണിന്റെ ശിഷ്യൻ ശരത് എന്നെ സമീപിച്ചു. ആ ഡോക്യുമെന്ററിയുടെ ക്യാമറ കൈകാര്യം ചെയ്തത് ഷാജി. എൻ. കരുൺ തന്നെ ആണ്. ആ ബന്ധമാണ് വാനപ്രസ്ഥം സിനിമയിലേക്ക് എന്നെ എത്തിച്ചത്. ഇവിടെ ഒളപ്പമണ്ണ മനയിൽ വച്ചായിരുന്നു ഷൂട്ടിങ് ആരംഭിച്ചത്.

**16) ഒരു വാദ്യ കലാകാരന് വേണ്ട ഗുണങ്ങൾ എന്തൊക്കെയാണ്?**

കാലപ്രമാണം, സാധകം, ശബ്ദഭംഗി, താളസ്ഥിതി, ഭാവം, സംഗീതം ഇവയൊക്കെ വേണം,

**17) അനേകം ശിഷ്യൻമാർക്ക് ചെണ്ടയിൽ പരിശീലനം നൽകുന്നുണ്ടല്ലോ. ഇത് എങ്ങനെ സാധ്യമാകുന്നു ....?**

വെള്ളിനേഴി ഗവ: ഹൈസ്കൂളിൽ 15 വർഷത്തോളം ചെണ്ട അധ്യാപകനായിരുന്നു ഞാൻ .ഇന്നും

അത്യാവശ്യം വേണ്ടവർക്ക് പരിശീലനം നൽകുന്നുണ്ട്. സമയം തികയാറില്ല. എന്നാലും പഠിക്കാൻ നല്ല ഉത്സാഹത്തിൽ കുട്ടികളെത്തുമ്പോൾ പറ്റില്ലെന്ന് പറയാറില്ല.

**18) നടൻ ജയറാം അടക്കമുള്ളവർ താങ്കളിൽ നിന്നും ചെണ്ടവാദ്യം അഭ്യസിച്ചിട്ടുണ്ട്. - ജയറാമുമായിട്ടുള്ള ഗുരു ശിഷ്യ ബന്ധത്തെ കുറിച്ച് എന്താണ് പറയാനുള്ളത്......**

ഒരിക്കൽ ജയറാം എന്നെ വിളിച്ച് മേളത്തിന്റെ കാര്യങ്ങൾ കൃത്യമായി ആശാന്റടുത്ത് നിന്ന് പഠിക്കണമെന്ന് താല്പര്യപ്പെട്ടു. രണ്ടു പേർക്കും ഒഴിവുള്ള സമയത്ത് എപ്പോൾ വേണമെങ്കിലും പഠിപ്പിക്കാം എന്ന് ഞാനും . അങ്ങനെ ഒരു കൊല്ലം മുൻപെ തീയ്യതി നിശ്ചയിച്ചു .ഇവിടെ പഠിക്കുന്ന സമയത്ത് സിനിമാനടനാണെന്നുള്ള യാതൊരു പരിഗണനയും എനിക്ക് തരാൻ പറ്റില്ലെന്നും ചുക്കു വെള്ളം വേണംന്ന് വച്ചാൽ അടുക്കളയിൽ പോയി എടുത്തുകുടിക്കാമെന്നും ഞാൻ പറഞ്ഞു. ഉടനെ തന്നെ ഷർട്ട് അഴിച്ചുവെച്ച് 'ശരി ഗുരുനാഥാന്ന്' അദ്ദേഹവും. അങ്ങനെ ചെണ്ടയിൽ പഞ്ചാരിമേളവും പാണ്ടിമേളവും പഠിച്ചു.

**19) അന്തരിച്ച പ്രശസ്ത വയലിൻ കലാകാരൻ ബാലഭാസ്ക്കറുമായി നടത്തിയ പരിപാടിയെക്കുറിച്ച് കേട്ടിട്ടുണ്ട് ... വായനക്കാർക്ക് വേണ്ടി അതൊന്നു പറയാമൊ?**

ബാലഭാസ്ക്കറും മറ്റു കലാകാരൻമാരും കൂടി ഏഷ്യാനെറ്റിൽ ഒരു പരിപാടി അവതരിപ്പിച്ചിരുന്നു. ബിഗ്ബാൻഡ് എന്നാണ് ആ ടീമിന്റെ പേര്. സമൂഹത്തിലെ പല വിഷയങ്ങളും കൈകാര്യം ചെയ്യുന്നവർ അതായത് ചെണ്ട വിഷയത്തിൽ ഞാൻ.. മദ്ദളത്തിൽ

**ഒരിക്കൽ ജയറാം എന്നെ വിളിച്ച് മേളത്തിന്റെ കാര്യങ്ങൾ കൃത്യമായി ആശാന്റടുത്ത് നിന്ന് പഠിക്കണമെന്ന് താല്പര്യപ്പെട്ടു. രണ്ടു പേർക്കും ഒഴിവുള്ള സമയത്ത് എപ്പോൾ വേണമെങ്കിലും പഠിപ്പിക്കാം എന്ന് ഞാനും . അങ്ങനെ ഒരു കൊല്ലം മുൻപെ തീയ്യതി നിശ്ചയിച്ചു .ഇവിടെ പഠിക്കുന്ന സമയത്ത് സിനിമാനടനാണെന്നുള്ള യാതൊരു പരിഗണനയും എനിക്ക് തരാൻ പറ്റില്ലെന്നും ചുക്കു വെള്ളം വേണംന്ന് വച്ചാൽ അടുക്കളയിൽ പോയി എടുത്തുകുടിക്കാമെന്നും ഞാൻ പറഞ്ഞു. ഉടനെ തന്നെ ഷർട്ട് അഴിച്ചുവെച്ച് 'ശരി ഗുരുനാഥാന്ന് അദ്ദേഹവും.**

ചെർപ്ലശ്ശേരി ശിവേട്ടൻ ... അങ്ങനെ ഉള്ളവരെ ഓരോ ആഴ്ചയിലും അതിഥിയായി വിളിക്കുന്ന ഒരു പ്രോഗ്രാം . നമ്മുടെ ജീവിതവും ജീവചരിത്രവും ആഗ്രഹങ്ങളുമൊക്കെ സംസാരിച്ച് ഒടുക്കം ഒരു പത്ത് മിനുട്ട് എല്ലാവരും ചേർന്ന് വായിക്കുന്ന ഒരു മ്യൂസിക്കൽ പ്രോഗാം . അന്നുമുതൽ എന്നോട് ഒരു പ്രത്യേക ഇഷ്ടമുണ്ടായിരുന്നു. തിരിച്ച് എനിക്കും. പിന്നീട് ഞങ്ങൾ ഒരുമിച്ച് ഒരു പാട് പരിപാടികൾ ചെയ്തു. അത് ജനങ്ങൾക്കും ഇഷ്ടായി. സ്വയം ആസ്വദിക്കുകയും മറ്റുള്ളവരെ ആസ്വദിപ്പിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ കലാകാരൻ . അതാണ് ബാലഭാസ്ക്കർ. എന്താ ചെയ്യാ .... അകാലത്തിൽ പൊലിഞ്ഞു പോയില്ലെ ..?

**20) ചെണ്ടവാദ്യവുമായി ബന്ധപ്പെട്ട് മനസ്സിൽ കൊണ്ടു നടക്കുന്ന മോഹം**

ചെണ്ടകൊട്ടി നടക്കുക .... ചെണ്ട പഠിപ്പിക്കുക ചെണ്ടവാദ്യപഠനത്തിനായി ഒരു സ്ഥാപനം തുടങ്ങണമെന്നുണ്ട്.. ഞാൻ പഠിച്ച പോലെ ഗുരുകുല രീതിയിലുള്ള ഒരു സ്ഥാപനം ആവശ്യമാണ്. ഒരു വിഷയവും ഭാഗികമായിട്ട് പോരാന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ . മുഴുവനായി പഴമ നിലനിർത്തിക്കൊണ്ടുള്ള പുതുമയാണ് ആവശ്യം. കലയെ സ്നേഹിക്കുന്ന സജ്ജനങ്ങളുടെ മനസ്സ് കൂടെയാവാം. അവർ സാമ്പത്തികമായി സഹായിച്ചാൽ അത് സ്വീകരിക്കാം. ന്യായമായും കൃത്യമായും ഉള്ള കണക്ക് പ്രകാരം മാത്രം. ഗവൺമെന്റിന്റെ യാതൊരുവിധ സഹായവും വേണ്ട .അവരുടെ അനുഗ്രഹവും അംഗീകാരവും മനസ്സും മാത്രം മതി.

**21) സംസ്ഥാന സർക്കാർ സംഗീത നാടക അക്കാദമി ചെയർമാനായി താങ്കളെ നിർദ്ദേശിച്ചിരിക്കുകയാണല്ലൊ.... ഏറെ വിവാദങ്ങൾക്ക് ശേഷമാണല്ലോ ആ തീരുമാനം എം.ജി ശ്രീകുമാറിന്റെ പേരായിരുന്നുവല്ലോ ആദ്യം നിർദ്ദേശിച്ചത് .... അതിനെ കുറിച്ച് ....**

അധികാരമോഹം അന്നും ഇന്നും എനിക്കില്ല. നമ്മളെകൊണ്ട് ചെയ്യാൻ പറ്റുന്നത് ചെയ്യുക. ഗുരുക്കൻമാരുടെ കടാക്ഷം കൊണ്ടും മനസ്സിൽ നന്മ സൂക്ഷിക്കുന്നതുകൊണ്ടും എല്ലാം സാധ്യമാകും.

**22. മട്ടന്നൂർ സ്വദേശിയായ താങ്കൾ ഇപ്പോൾ വെള്ളിനേഴി നിവാസിയാണ്. വെള്ളിനേഴി ഗ്രാമ പഞ്ചായത്തിനെയാകട്ടെ സംസ്ഥാന സർക്കാർ കലാഗ്രാമമായി പ്രഖ്യാപിച്ചിരിക്കുന്നു. താങ്കളടക്കമുള്ള നിരവധി കലാകാരന്മാരുടെ സാന്നിദ്ധ്യം ഇന്ന് വെള്ളിനേഴിയിലുണ്ട് വെള്ളിനേഴിയിൽ താമസിക്കാൻ ഇട വന്നതിൽ അഭിമാനം തോന്നുന്നില്ലേ ...**

തീർച്ചയായും . കലകളുടേയും കലാകാരന്മാരുടേയും നാടാണ് വെള്ളിനേഴി . പത്മഭൂഷൺ കലാമണ്ഡലം രാമൻകുട്ടി നായർ, പത്മശ്രീ കീഴ്പ്പടം കുമാരൻ നായർ തുടങ്ങിയ അതുല്യ പ്രതിഭകളുടെ നാട് : സാംസ്കാരികപാരമ്പര്യങ്ങളുടെ പൈതൃകഗ്രാമമായ ഈ വെള്ളിനേഴിയിൽ താമസിക്കാൻ സാധിച്ചു എന്നുള്ളത് അഭിമാനം തന്നെ അല്ലെ ..

**23) താങ്കളുടെ കുടുംബം ...? ഭാര്യ..? മക്കൾ ....? എല്ലാ വിധ പിന്തുണയും കുടുംബത്തിൽ നിന്ന് ലഭ്യമാണെന്നറിയാം. .... എങ്കിലും കൂടുതൽ അറിയാൻ ആഗ്രഹമുണ്ട് ...**

ഭാര്യ ഭാരതി .എന്റെ തിരക്കിട്ട ജീവിതത്തിനിടയിലും കുടുംബം ശ്രദ്ധിക്കുന്നത് അവരാണ്. രണ്ട് ആൺ മക്കളാണ്. ശ്രീകാന്ത്,



താര പ്രഭാകർ, മട്ടന്നൂർ ശങ്കരൻകുട്ടി, സി.ജി.അശോകൻ

ശ്രീരാജ്. രണ്ടു പേരും എനിക്കൊപ്പം പരിപാടികൾ അവതരിപ്പിച്ച് കൂടെയുണ്ട്. മകൾ ശരണ്യ. മൂന്ന് പേരും വിവാഹിതരാണ്.

**24) ഒരു കുസൃതി ചോദ്യം ചോദിച്ചോട്ടെ ... മറ്റ് സംഗീതോപകരണങ്ങൾ പോലെ ചെണ്ടയിലും പ്രണയഭാവമുണ്ടൊ?**

ഹ..ഹ എന്താ സംശയം എന്റെ പ്രണയം മുഴുവൻ ചെണ്ടയോടാണ്. അതിനെ കെട്ടിപ്പിടിച്ചെ ഉറങ്ങാറുള്ളു. ഈ കുസൃതി ചോദ്യത്തിന് അത്രയും ആത്മാർത്ഥമായി ഒരു കുസൃതി രൂപത്തിൽ മറുപടിയും പറയാലൊ അല്ലെ? അതായത് ഒരു സ്ത്രീ പുരുഷനെയും ഒരു പുരുഷൻ സ്ത്രീയേയും ഒരിക്കലും ദ്രോഹിക്കാൻ പാടില്ല .അവരുടെ എല്ലാ ആഗ്രഹങ്ങളും കാര്യങ്ങളും നിർവ്വഹിക്കണമെങ്കിൽ അത് ആത്മാർത്ഥമായ സ്നേഹത്തിലൂടെയും സ്പർശനത്തിലൂടേയും മാത്രമെ സാധിക്കുകയുള്ളു, ഒരു തരത്തിലും അങ്ങോട്ടും ഇങ്ങോട്ടും വേദനിപ്പിക്കാതെ അതിന്റെ പൂർണ്ണരീതിയിൽ അനുഭവിക്കാൻ കഴിയണം. അത് മാതിരിയാണ് ചെണ്ടയും. അതിന്റെ സൗന്ദര്യം ഇപ്പോഴും ഞാൻ തേടി കൊണ്ടിരിക്കുന്നു.

..

**25) ഈ സൗന്ദര്യ രഹസ്യം വായനക്കാർക്ക് കൂടി പങ്ക് വയ്ക്കാമൊ ..**

ഇപ്പോൾ 80 ശതമാനം ആൾക്കാർക്കും എന്നെ ഇഷ്ടമാണ്. അത് മതിയല്ലൊ... സ്ഥാനമാനങ്ങൾ ഒന്നും ആഗ്രഹിക്കുന്നില്ല.

'കാലേ ഹിതമിത ഭോജി' എന്ന് രാമായണത്തിൽ ഒരു ചൊല്ലുണ്ട്. അതായത് ഹിതത്തിനനുസരിച്ച് മിതമായി ഭക്ഷണം കഴിക്കുന്നവനാണ് ആരോഗ്യദൃഢഗാത്രൻ. ചിട്ടയായ ശീലങ്ങളുണ്ട്.

വാദ്യകുലപതിയെ കണ്ടു മടങ്ങുമ്പോൾ കണ്ണും മനസ്സും ഒരുപോലെ നിറഞ്ഞിരുന്നു. മൂന്നു മണിക്കൂറോളം ഒരു ഇടവേളപോലും ഇല്ലാതെ എത്ര ലാളിത്യത്തോടെയാണ് ഞങ്ങളോട് സംസാരിച്ചത്. ജീവിത യാഥാർത്ഥ്യങ്ങളെ ഹൃദ്യമായ നർമനിമിഷങ്ങളാൽ കോർത്തിണക്കി കൊണ്ടും ഗുരുനാഥനെ കുറിച്ച് പറയുമ്പോൾ കണ്ണ് നിറഞ്ഞും ചെണ്ടയിൽ വാചാലനായും ഞങ്ങളെ അത്ഭുതപ്പെടുത്തിയ അസുലഭ സിദ്ധിയുള്ള ആചാര്യൻ.അത്രയും നേരം ആനന്ദത്തിന്റെ മേള പെരുക്കങ്ങൾ പകർന്നു തന്ന് കാഴ്ചകളിലെല്ലാം കുടമാറ്റദൃശ്യങ്ങളുടെ അത്ഭുതങ്ങളുമായി പടിയിറങ്ങുമ്പോൾ എന്നെ ചേർത്തു നിർത്തി അദ്ദേഹം ഇങ്ങനെ പറഞ്ഞു,' ഈ വഴി വന്നാൽ ഇവിടെ കയറാതെ പോകരുത് നിങ്ങൾക്കു വേണ്ടി ഈ ഗേറ്റ് എപ്പോഴും തുറന്നിട്ടിരിക്കും.' അപ്പോൾ എന്റെ മനസ്സ് എന്നോട് മന്ത്രിച്ചത് ഇങ്ങനെയായിരുന്നു. ഒരു മനുഷ്യന് ഇത്രയും എളിമയുണ്ടാവുമോ... .... അല്ല ... അതാണല്ലൊ ദൈവത്തിന്റെ കയ്യൊപ്പ് ചാർത്തിയ ഈ യുഗപുരുഷൻ.

# സ്വാതന്ത്ര്യം @ 75

## ഭരണകൂട വേട്ടകൾ

**എതിർശബ്ദങ്ങളെ ഇല്ലാതാക്കാൻ ഭരണ സംവിധാനങ്ങളെ ദുരുപയോഗിക്കുന്നു. ജനാധിപത്യത്തെ കുതിരക്കച്ചവടമാക്കി. ഭക്ഷ്യധാന്യങ്ങൾക്കുപോലും നികുതി ചുമത്തി. കർഷകരെ ബലി നൽകി കോർപറേറ്റുകളെ പോറ്റുന്നു. കള്ളക്കേസുകളിൽ കുടുക്കി വീടുകൾ ബുൾഡോസർകൊണ്ട് ഇടിച്ചു നിരത്തുന്നു, കണ്ടുകെട്ടുന്നു.**



ഫ്രാങ്കോ ലൂയിസ്

സ്വാതന്ത്ര്യം എവിടെ? നൂറ്റാണ്ടോളം നീണ്ട പോരാട്ടത്തിലൂടെ നേടിയ സ്വാതന്ത്ര്യം 75 വർഷം പിന്നിടുകയാണ്. ഇപ്പോൾ അമൃത മഹോൽസവമെന്ന പേരിൽ എല്ലാ വീടുകളിലും ദേശീയപതാക ഉയർത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തിരിക്കന്നു. ദേശീയോദ്ഗ്രഥനത്തിന് ഇതു നല്ലതുതന്നെ.

എന്നാൽ ഇതാണോ സ്വാതന്ത്ര്യം? ഈ ചോദ്യമാണ് ഇന്ത്യക്കാരുടെ മനസിൽ ഉയരുന്നത്. ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വ ഭരണത്തേക്കാൾ ഭീതിജനകമായ വിശേഷങ്ങളാണു ചുറ്റും. എതിർശബ്ദങ്ങളെ ഇല്ലാതാക്കാൻ ഭരണസംവിധാനങ്ങളെ ദുരുപയോഗിക്കുന്നു. ജനാധിപത്യത്തെ കുതിരക്കച്ചവടമാക്കി. ഭക്ഷ്യധാന്യങ്ങൾക്കുപോലും നികുതി ചുമത്തി. കർഷകരെ ബലി നൽകി കോർപറേറ്റുകളെ പോറ്റുന്നു. കള്ളക്കേസുകളിൽ കുടുക്കി വീടുകൾ ബുൾഡോസർ കൊണ്ട് ഇടിച്ചു നിരത്തുന്നു, കണ്ടുകെട്ടുന്നു. രാജ്യദ്രോഹക്കേസുകൾ ചുമത്തി വിചാരണപോലും ഇല്ലാതെ ജയിലിലടയ്ക്കുന്നു. ഭക്ഷണം, ഭാഷ, വസ്ത്രം, വിശ്വാസം എന്നിങ്ങനെ സമസ്ത മേഖലയിലും വെറുപ്പും വിദ്വേഷവും പരത്തുന്നു. ഇത്രയും മനുഷ്യത്വരഹിതമായി ഭരിക്കാൻ ബ്രിട്ടീഷ്

സാമ്രാജ്യത്വത്തിനുപോലും കഴിഞ്ഞിട്ടുണ്ടോ? ഇതാണോ നാം നേടിയ സ്വാതന്ത്ര്യം?

ഉത്തർപ്രദേശിലെ മീററ്റിൽ 1857 മേയ് പത്തിനാണ് ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടത്. ബ്രിട്ടിഷുകാർ ഇതിനെ 'ശിപായി ലഹള' എന്നു വിളിച്ചു. പശുവിന്റെയും പന്നിയുടെയും കൊഴുപ്പു പുരട്ടിയ കലാസുകൊണ്ടാണ് പട്ടാളത്തിന്റെ വെടിയുണ്ടകൾ പൊതിയുന്നതെന്ന പ്രചാരണമാണ് ലഹളയ്ക്കു കാരണം. പൊതിഞ്ഞ കടലാസ് കടിച്ചുകീറിയാണ് വെടിയുണ്ട തോക്കിൽ നിറയ്ക്കുന്നത്. മൃഗക്കൊഴുപ്പുണ്ടെന്ന പ്രചാരണം ഹിന്ദു, മുസ്ലിം വിഭാഗങ്ങളിൽപ്പെട്ട പട്ടാളക്കാരെ പ്രകോപിപ്പിച്ചു. പട്ടാളക്കാരുടെ പ്രതിഷേധത്തിനു നേതൃത്വം നൽകിയ മംഗൾപാണ്ഡെ ഒരു ബ്രിട്ടിഷുകാരനെ വെടിവച്ചു വീഴ്ത്തി. 1857 ഏപ്രിൽ എട്ടിനു പാണ്ഡെയെ തൂക്കിക്കൊന്നു. ഒരു മാസം കഴിഞ്ഞാണ് ഒന്നാം സ്വാതന്ത്ര്യ സമരമെന്ന ശിപായി ലഹള രാജ്യത്തെയാകെ ഇളക്കി മറിച്ചത്. തുടർന്നങ്ങോട്ടു സ്വാതന്ത്ര്യ സമര പോരാട്ടമായി. നിസഹകരണ സമരം, നിയമലംഘന സമരം, ഉപ്പുസത്യഗ്രം, ക്വിറ്റിന്ത്യാ പ്രക്ഷോഭം എന്നിങ്ങനെ സമര പരമ്പരകൾ.

വിവിധ പ്രദേശങ്ങളിലും വർഷങ്ങളിലുമുണ്ടായ പോരാട്ടങ്ങളിലായി മുപ്പതു ലക്ഷം പേരെയെങ്കിലും ബ്രിട്ടീഷ് പട്ടാളവും പോലീസും കൊന്നൊടുക്കിയിട്ടുണ്ടെന്നാണു കണക്ക്. മൂന്നര കോടി ജനങ്ങൾ കൊല്ലപ്പെട്ടെന്നാണ് ശശി തരൂർ എംപി പറയുന്നത്. ഇത്രയേറെ ജനങ്ങൾ നൂറ്റാണ്ടോളം അഹിംസാ സമരമുറകളിലൂടെ പോരുതി നേടിയതാണു നമ്മുടെ സ്വാതന്ത്ര്യം.

സ്വതന്ത്ര ഭാരതത്തിലൂടെ ഒരുമയും വികസനവു





മാണ് എല്ലാവരും ആഗ്രഹിച്ചത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം തയാറാക്കിയ ഭരണഘടനയുടെ ആദ്യ പേജിൽ പറയുന്നതുപോലെ 'മതേതര ജനാധിപത്യ റിപ്പബ്ലിക്കായി, നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും പുലർത്തുക' എന്ന സ്വപ്നമാണ് അഹിംസാ പോരാട്ടങ്ങളിലൂടെ നമ്മുടെ പിതാമഹന്മാർ നേടിത്തന്നത്.

നൂറ്റാറു രാജ്യങ്ങൾക്കു കീഴിൽ ആയിരക്കണക്കിനു നാട്ടു രാജാക്കന്മാർ ഭരിച്ചിരുന്ന പ്രദേശമായിരുന്നു ഇന്ത്യ. അനേകം ഭാഷകളും സംസ്കാരവും മതവും വിശ്വാസങ്ങളും വസ്ത്രധാരണവുമുള്ള കൊച്ചു രാജ്യങ്ങൾ. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പട്ടിണിയും പ്രാകൃത ജീവിതരീതികളുമെല്ലാമുള്ള ജനം. വിദ്യാഭ്യാസവും വസ്ത്രം ധരിക്കാനുള്ള അവകാശവും വിലക്കപ്പെട്ട കാലം. അങ്ങനെ ബഹുമുഖ വൈവിധ്യങ്ങളടങ്ങിയ ഭൂപ്രദേശം. അവയെയെല്ലാം ഏകോപിപ്പിച്ച് ഒറ്റ രാഷ്ട്രമെന്ന സങ്കൽപം യാഥാർത്ഥ്യമാക്കി. ഫെഡറൽ റിപ്പബ്ലിക്കാക്കി. ബഹുസ്വരതയുടെ, നാനാത്വത്തിലൂടെ ഏകത്വമെന്ന ഐക്യബോധത്തിന്റെ രാജ്യമായത് അങ്ങനെയാണ്. ഈ ബഹുസ്വരതയും ഐക്യവുമാണ് ഒരുകൂട്ടർ തകർ

ക്കാൻ ശ്രമിക്കുന്നത്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം രാജ്യം എത്രയോ മാറി. സംസ്കാരവും ജീവിതരീതിയുമെല്ലാം മാറി. ശാസ്ത്ര, സാങ്കേതിക, വികസന രംഗത്തെല്ലാം വിപ്ളവകരമായ വളർച്ച കൈവരിച്ചു. സമസ്ത മേഖലയിലും ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ തലയെടുപ്പുള്ള ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായി.

പക്ഷേ, രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങളും ഭീതിയിലാണ്. ഭാഷ, ഭക്ഷണം, വസ്ത്രം, മതം എന്നിങ്ങനെ സമസ്തമേഖലയിലും വെറുപ്പും വിദ്വേഷവും വളർത്തുന്നു. പോലീസ്, സിബിഐ, എൻഐഎ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ആദായനികുതി വകുപ്പ് എന്നിങ്ങനെയുള്ള ഭരണഘടനാ സ്ഥാപനങ്ങളെയെല്ലാം വേട്ടപ്പട്ടികളാക്കി. അവരെക്കൊണ്ടു വേട്ടയാടിച്ചും കുതിരക്കച്ചവടം നടത്തിയും അധികാരം പിടിച്ചെടുക്കുന്ന നിലയിലേക്ക് ജനാധിപത്യത്തെ അധഃപതിപ്പിച്ചു. കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി അടക്കമുള്ള പ്രതിപക്ഷ നേതാക്കളെയെല്ലാം വേട്ടയാടി. കേരളത്തിൽ പോലും സമാനമായ വേട്ടയ്ക്കുള്ള നീക്കങ്ങളുണ്ട്.

പുതിയ പാർലമെന്റ് മന്ദിരത്തിലെ അശോകസ്തംഭത്തിലെ സിംഹങ്ങൾക്കു നൽകിയ ക്രൗര്യഭാവം ഭരണാധികാരികളുടെ മനോഭാവത്തിന്റെ പ്രതിബിംബമാണ്. ഇന്ത്യയുടെ ദേശീയ ചിഹ്നത്തതിൽ വൈകൃതങ്ങൾ വരുത്തുന്നതു ഭരണഘടനാ വിരുദ്ധവും രാജ്യവിരുദ്ധവുമാണ്. അഴിമതിക്കാരൻ, സ്വേച്ഛാധിപതി എന്നിങ്ങനെ ഭരണാധികാരികളുടെ പര്യായമായി പരക്കേ ഉപയോഗിക്കുന്ന വാക്കുകളടക്കം 65 അപ്രിയ വാക്കുകൾ പാർലമെന്റിൽ നിരോധിച്ചു. പാർലമെന്റിലും പരിസരത്തും പ്രതിഷേധങ്ങൾ വിലക്കി. ഇതെല്ലാം അഭിപ്രായ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന ഭരണഘടനയെ വെല്ലുവിളിക്കലാണ്. എതിർശബ്ദങ്ങളെ ഇല്ലാതാക്കാൻ ജനപ്രതിനിധി സഭയായ പാർലമെന്റിനെത്തന്നെ നിശബ്ദമാക്കുന്നു. ഫാസിസക്കൊടി നാട്ടിക്കഴിഞ്ഞെന്നാണ് ഇതെല്ലാം നമ്മെ ഓർമിപ്പിക്കുന്നത്.

വോട്ടിനായി പട്ടാളത്തെ പാടിപ്പുകഴ്ത്തിയവരാണ് ഇപ്പോൾ, നാലു വർഷ സേവനത്തിനുശേഷം പിരിച്ചുവിടുന്ന അഗ്നിപഥ് പട്ടാള സേവന പദ്ധതി നടപ്പാക്കുന്നത്. ഭിന്നിപ്പിച്ചു ഭരിക്കുക, അടിച്ചമർത്തി ഭരിക്കുക എന്ന സാമ്രാജ്യത്വ തന്ത്രംതന്നെയാണ് ഇന്നും അധികാരത്തിന്റെ ഇടനാഴികളിൽ കാണുന്നത്. അധികാരത്തിനു വേണ്ടി എന്തും ചെയ്യുന്നവർ ഭൂരിപക്ഷ ജാതിവർഗീയത അടിച്ചേൽപിക്കുന്നതും കപട ദേശീയത പ്രകടിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കുന്നതുമെല്ലാം നാം അനുഭവിക്കുകയാണ്.

രാജ്യത്ത് കരുത്തുള്ള ഒരു പ്രതിപക്ഷം തന്നെ ഇല്ലാതായി. പ്രതിപക്ഷം ഇല്ലാതാകുന്നതു ജനാധിപത്യം ഇല്ലാതാകുന്നതിനു തുല്യമാണെന്ന് ചീഫ് ജസ്റ്റിസ് എൻ.വി. രമണ രണ്ടാഴ്ച മുമ്പാണ് ഓർമിപ്പിച്ചത്. ചിതറിത്തെറിച്ച നിലയിലാണു പ്രതിപക്ഷ കക്ഷികളും നേതാക്കളും. ഈയിടെ നടന്ന രാഷ്ട്രപതി തെരഞ്ഞെടുപ്പിലും പല പ്രതിപക്ഷ കക്ഷികളും മറുകണ്ടം ചാടി. പ്രതിപക്ഷത്ത് ഉറച്ചുനിന്ന പാർട്ടികളിലെ ജനപ്രതിനിധികൾപോലും കൂറുമാറി വോട്ടു ചെയ്തു. കേരളത്തിലെ ഒരു എംഎൽഎ അടക്കം രാജ്യത്തു പ്രതിപക്ഷത്തുള്ള 17 എംപിമാരും 104 എംഎൽഎമാരും എൻഡിഎ സ്ഥാനാർഥിക്കാണു വോട്ടു ചെയ്തത്.

## വില കത്തുന്നു

പാക്കറ്റിലാക്കിയ അരിയും ഗോതമ്പും പരിപ്പും പയറും അടക്കമുള്ള ഭക്ഷ്യധാന്യങ്ങൾക്കു നികുതി ചുമത്തി സാധാരണക്കാരുടെ പോക്കറ്റു കീറിയിരിക്കുകയാണ് സർക്കാർ. വിലക്കയറ്റവും രൂപയുടെ മൂല്യത്തകർച്ചയും പലിശ നിരക്കു വർധിപ്പിച്ചതുമെല്ലാം ജനങ്ങളുടെ കുടുംബ ബജറ്റിനെ അവതാളത്തിലാക്കി.

ജിഎസ്ടി ഏർപ്പെടുത്തിയതോടെ എല്ലാ ഭക്ഷ്യോൽപന്നങ്ങൾക്കും വില വർധിച്ചു. പാചകവാതകം, പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നിവയടക്കം എല്ലാ ഇനങ്ങളുടേയും അനുദിനമെന്നോണമുള്ള വിലവർധിപ്പിക്കലിനു പിറകേയാണ് ഭക്ഷ്യധാന്യങ്ങളുടേയും വില വർധിപ്പിച്ചത്. നികുതി വർധിപ്പിച്ചത് രാജ്യത്ത് ആളിക്കത്തിക്കൊണ്ടിരിക്കുന്ന നാണ്യപ്പെരുപ്പത്തിന്റെ തോത് വർധിപ്പിക്കും.

കേരളത്തിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്തിരുന്ന ആട്ടപ്പൊടി, ഓണക്കിറ്റ് എന്നിവയേയും ജിഎസ്ടി അവതാളത്തിലാക്കും. കേരളത്തിനുള്ള ഗോതമ്പു വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

25 കിലോയിൽ കുറഞ്ഞ തൂക്കമുള്ള പാക്കറ്റുകളിലാക്കി ബ്രാൻഡു ചെയ്തു വിൽക്കുന്ന അരി, ഗോതമ്പ്, പരിപ്പ്, പയർ, കടല, ഗ്രീൻപീസ്, ആട്ടമാവ്, റവ, ഓട്സ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾക്കാണ് അഞ്ചു ശ



തമാനം നികുതി. ചില്ലറയായി തൂക്കിവിൽക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കു നികുതിയില്ല. മോര്, തൈര്, ലെസി, മാംസം, മൽസ്യം, തേൻ, ശർക്കര, എൽഇഡി ബൾബ്, വാട്ടർ പമ്പ്, സൈക്കിൾ പമ്പ്, അച്ചടി മഷി, കത്തി, പെൻസിൽ ഷാർപനർ, ബ്ലേഡ്, സ്പൂൺ, ഫോർക്ക്, വജ്രക്കല്ല്, സോളാർ വാട്ടർ ഹീറ്റർ എന്നിയുടെ നികുതിയും വർധിപ്പിച്ചിട്ടുണ്ട്.

വലിയ ബ്രാൻഡഡ് കമ്പനികളുടെ പായ്ക്കറ്റുകളിലാക്കിയ ഇനങ്ങൾക്കു മാത്രമാണു നികുതിയും വിലയും വർധിക്കുന്നതെന്നാണ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ വിശദീകരണം. സാധാരണ ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽപോലും ഇത്തരം പാക്കറ്റുകളാണ് വിൽക്കുന്നത്. സാധാരണക്കാരനു ഭാരമാകുന്നത് അതുകൊണ്ടാണ്.

നേരത്തെത്തന്നെ പഞ്ചാബ് അടക്കം ഒരു ഡസൻ സംസ്ഥാനങ്ങൾ ഭക്ഷ്യധാന്യങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിരുന്നെന്നാണ് ധനമന്ത്രി നിർമല സീതാരാമൻ അവകാശപ്പെടുന്നത്. പഞ്ചാബിൽ പർച്ചേസ് ടാക്സായി രണ്ടായിരം കോടി രൂപ പിരിച്ചെടുത്തിരുന്നു. ഉത്തർപ്രദേശിൽ നാലു ശതമാനം നിരക്കിൽ എഴുന്നൂറു കോടി രൂപയാണു പിരിച്ചെടുത്തത്. കേരളത്തിൽ പായ്ക്കു ചെയ്ത ബസുമതി അരിക്കു മാത്രം അഞ്ചു ശതമാനം നികുതിയാണ് ചുമത്തിയിരുന്നത്. ആന്ധ്രയിലും മഹാരാഷ്ട്ടയിലുമെല്ലാം നിലവിലിരുന്ന നികുതി രാജ്യവ്യാപകമാക്കിയെന്നേയുള്ളൂവെന്നാണ് നിർമല സീതാരാമന്റെ വാദം.

വിലക്കയറ്റത്തെച്ചൊല്ലി പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധം ഉയർന്നെങ്കിലും സർക്കാർ ഗൗനിക്കുന്നില്ല.

കേരളത്തിൽ ചെറിയ വ്യാപാര സ്ഥാപനങ്ങളിലും കുടുംബശ്രീ യൂണിറ്റുകളിലും പായ്ക്കറ്റുകളിലാക്കി വിൽക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കും വിഭവങ്ങൾക്കും നികുതി ബാധകമാക്കില്ലെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിയമസഭയിൽ അറിയിച്ചിട്ടുണ്ട്.

പണപ്പെരുപ്പ നിരക്കും കുതിക്കുകയാണ്. ജൂൺ മാസത്തിൽ ഇന്ത്യയിലെ പണപ്പെരുപ്പം 7.01 ശതമാനമായിരുന്നു. മെയ് മാസത്തിൽ 7.04 ശതമാനവും. തുടർച്ചയായ മൂന്നാം മാസമാണ് നാണ്യപ്പെരുപ്പം ഏഴു ശതമാനത്തിനു മുകളിൽ തുടരുന്നത്.

അമേരിക്കൻ ഡോളറുമായുള്ള വിനിമയ നിരക്ക് 80 രൂപ എന്ന നിലവരെയായി. അമേരിക്കയിലെ വിലക്കയറ്റവും പണപ്പെരുപ്പവും മാത്രമല്ല, അതു നേരിടാൻ അവർ നടപ്പാക്കിയ പലിശ വർധനയുമാണ് രൂപയുടെ മൂല്യം കുറയ്ക്കാൻ കാരണമായത്. ഇതിന്റെ പ്രത്യാഘാതമായി ഇന്ത്യ അടക്കമുള്ള ലോകരാജ്യങ്ങളിൽ പണപ്പെരുപ്പവും പലിശ വർധനയും ഇനിയും ഉണ്ടാകും. ഇതിന്റെയെല്ലാം ദുരിതങ്ങൾ രാജ്യത്തെ ദുർബല വിഭാഗങ്ങൾക്കും സാധാരണക്കാർക്കുമാണ് അനുഭവിക്കേണ്ടി വരിക. കോവിഡ് പ്രതിസന്ധികളിൽനിന്നു കരകയറി വരുന്ന ഇക്കൂട്ടരെ സഹായിക്കുന്ന പദ്ധതികളാണ് വേണ്ടത്.

# നഞ്ചിയമ്മ പാടട്ടെ!



**ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചതോടെ ഏറ്റവുമധിക ചർച്ചകളിൽനിറഞ്ഞത് നഞ്ചിയമ്മയാണ്. ഒരുപാടു സന്തോഷത്തോടെയും കൗതുകത്തോടെയും അവർക്ക് മികച്ച ഗായികയ്ക്കുള്ള പുരസ്കാരം ലഭിക്കുന്ന വാർത്ത കേട്ടവർ ചിലരുടെ പ്രതികരണങ്ങൾ കണ്ട് മൂക്കത്തു വിരൽവച്ചു....**




തേജശ്രീ

അങ്ങുകിഴക്ക് ചന്ദനമരം പൂത്തിരിക്കുന്നു, നമുക്ക് പൂക്കളിറുക്കാൻ പോകാം.., വിമാനം കാണാം...? അയ്യപ്പനും കോശിയും എന്ന ചിത്രത്തിലെ കലക്കാത്ത എന്ന പാട്ടിന്റെ ഏകദേശ അർഥം ഇങ്ങനെയാണ്. ചടുലമായ താളത്തിൽ സന്തോഷം നിറഞ്ഞ, അതീവ നിഷ്കളങ്കമായ ആലാപനം. ആ സിനിമയ്ക്ക് അത്യന്ദുതകരമായി ചേരുന്ന പാട്ട്. നഞ്ചിയമ്മയ്ക്കല്ലാതെ അത്രയും ചന്തത്തിൽ വേറെയാർക്കും പാടാനാവാത്ത പാട്ട്.

യുട്യൂബിൽ ഈ പാട്ട് റിലീസ് ചെയ്ത ദിവസംമുതൽ മലയാളികളും അല്ലാത്തവരും നെഞ്ചോടുചേർത്തുപിടിച്ചിരുന്നു. നഞ്ചിയമ്മയാണ് ഇത്തവണത്തെ മികച്ച പിന്നണിഗായികയെന്ന് ദേശീയ ചലച്ചിത്ര അവാർഡ് ജൂറി തീരുമാനിക്കുന്നു. ഒട്ടുമിക്കവരും ആഹ്ലാദത്തോടെയാണ് ഈ വാർത്ത കേട്ടത്. നഞ്ചിയമ്മയ്ക്ക് ഈ പുരസ്കാരം കൊടുക്കേണ്ടതുതന്നെ എന്നായിരുന്നു മിക്കവരുടെയും ഹൃദയവികാരം. എന്നാൽ അവിടെയും ചില എതിർസ്വരങ്ങൾ ഉയർന്നു.

## വിയോജിപ്പുകാരുടെ ശ്രുതി

അവാർഡ് ജേതാക്കൾക്ക് അഭിനന്ദനമറിയിച്ചുകൊണ്ടുള്ള പ്രതികരണങ്ങൾ വരുന്നതിനിടെ സംഗീതജ്ഞനായ ഒരാളുടെ സോഷ്യൽ മീഡിയ പോസ്റ്റ് വരുന്നു- എല്ലാവർക്കും അഭിനന്ദനങ്ങൾ.., എന്നാൽ എനിക്കൊരു കാര്യത്തിൽ വിയോജിപ്പുണ്ട് എന്നായിരുന്നു അയാളുടെ പോസ്റ്റ്. ആരുടെ കാര്യത്തിലാണ് വിയോജിപ്പെന്നു വിശദീകരിച്ച് അദ്ദേഹം പിന്നാലെ ഒരു വീഡിയോയും പോസ്റ്റ് ചെയ്തു. നഞ്ചിയമ്മയ്ക്ക് മികച്ച ഗായികയ്ക്കുള്ള പുരസ്കാരം കൊടുത്തതിലായിരുന്നു അദ്ദേഹത്തിന്റെ പ്രശ്നം.

ജീവിതം മുഴുവൻ സംഗീതത്തിനു വേണ്ടി ഉഴിഞ്ഞുവച്ചവരെ ഇകഴ്ത്തുന്നതല്ലേ ഈ പുരസ്കാരം എന്ന ചോദ്യം അദ്ദേഹം ഉയർത്തി. തന്റെ വാദം സാധൂകരിക്കാൻ ഉയർത്തിയ കാരണങ്ങൾ ഇങ്ങനെ: നഞ്ചിയമ്മയ്ക്ക് ശ്രുതിയിൽ പാടാൻ പറ്റില്ല. ഒരു പാട്ടു പറഞ്ഞുകൊടുത്താൽ ഒരു മാസം എടുത്താലും പഠിക്കാൻ പറ്റില്ല. ഒരു ദിവസം പത്തും പതിനഞ്ചും പാട്ടുകൾ പുഷ്പം പോലെ പാടുന്നവരുണ്ട്. ശബ്ദം സൂക്ഷിക്കാൻ തണുപ്പുള്ള ആഹാരം കഴിക്കാതെ കഷ്ടപ്പെടു

ന്നവർ ധാരാളം ഉണ്ട്. സദാ സംഗീതത്തെ കുറിച്ചു മാത്രം ചിന്തിക്കുന്നവരാണ് അവർ... ന്യായങ്ങൾ വരിവരിയായി നിരന്നു.

## സംഗതി ശരിയാണല്ലോ!

ഈ പറഞ്ഞ ആരോപണങ്ങൾ എല്ലാം ശരിയാണല്ലോ എന്നുംപറഞ്ഞ് ഏതാനുംപേർ വിയോജിപ്പുകാരനു പിന്തുണയുമായെത്തി. മഹാഗായകരും മഹാഗാനങ്ങളും ഉള്ളപ്പോൾ ഇതുപോലൊരു നാടൻ പാട്ടിന് ദേശീയ പുരസ്കാരം കൊടുക്കാമോ എന്നായി അവർ. നഞ്ചിയമ്മയ്ക്കില്ലാത്ത കുറ്റവും കുറവുമില്ല എന്ന അവസ്ഥയിലെത്തി കാര്യങ്ങൾ.

ആദിവാസി സമൂഹത്തിൽനിന്നുള്ളയാളെ രാഷ്ട്രപതിയാക്കിയതിനു പിന്നാലെ വോട്ടുപിടിക്കാനുള്ള ബിജെപിയുടെ അടവാണ് ഈ അവാർഡ് എന്ന നിലയിൽവരെ ആരോപണങ്ങൾ എത്തി. നഞ്ചിയമ്മ അട്ടപ്പാടിയിൽനിന്നാണല്ലോ. പൃഥ്വിരാജ് ആര്, ബിജു മേനോൻ ആര് എന്നുപോലും അറിയാത്ത പാവം നഞ്ചിയമ്മ ഈ രാഷ്ട്രീയം വല്ലതും അറിയുന്നുണ്ടോ! എവിടെ!!

## സ്നേഹമറിയിച്ചവർ

അവാർഡിനെ പുച്ഛിച്ചവരെ തള്ളിക്കൊണ്ട് സോഷ്യൽ മീഡിയ ശക്തമായി രംഗത്തുവരുന്നതാണ് പിന്നീടു കണ്ടത്. നഞ്ചിയമ്മയുടെ പാട്ടിനെയും നിഷ്കളങ്കതയെയും നെഞ്ചോടു ചേർത്തവർ അവർക്കൊപ്പം നിന്നു.

സംഗീതരംഗത്തുനിന്ന് സംഗീത സംവിധായകൻ ശരത്, ഗായിക സിതാര എന്നിവരെപ്പോലുള്ളവർ ഉറച്ച പിന്തുണയാണ് നഞ്ചിയമ്മയ്ക്കു നൽകിയത്. ഒട്ടേറെ മറ്റു പാട്ടുകാരും, പാട്ടിനെ ജീവനായി കൊണ്ടുനടക്കുന്ന സാധാരണക്കാരും അവരോടുള്ള സ്നേഹവും ബഹുമാനവും അറിയിച്ച് എത്തി.

ഒരു ഇലക്ട്രോണിക് ഡ്രംകിറ്റിന്റെ ശ്രുതിക്കനുസരിച്ച് നഞ്ചിയമ്മ പാടുന്ന വീഡിയോ പോസ്റ്റ് ചെയ്ത് വിമർശനങ്ങളുടെ മുനയൊടിക്കാനും സംഗീത രംഗത്തുള്ളവർ മുന്നോട്ടു വന്നു. ഇതും പാട്ടാണ്, ഞങ്ങൾക്കിത് ഇഷ്ടമാണ്, സിനിമാപ്പാട്ടു പാടിയ നഞ്ചിയമ്മയ്ക്കാണ് സിനിമാ അവാർഡ് നൽകിയിരിക്കുന്നത്, ശാസ്ത്രീയ സംഗീതത്തിനല്ല എന്നൊക്കെയായിരുന്നു സാധാരണ ആസ്വാദകരുടെ വാദങ്ങൾ. എല്ലാം യുക്തിഭദ്രം. അതങ്ങനെതന്നെയാണു വേണ്ടതും.

## കലക്കവെള്ളത്തിൽ ചിലർ

അതേസമയം നഞ്ചിയമ്മയ്ക്കു പിന്തുണയറിച്ചുകൊണ്ടുള്ള പോസ്റ്റുകളിൽ ശാസ്ത്രീയ സംഗീതത്തെയും സംഗീതജ്ഞരെയും അനാവശ്യമായി താറടിക്കാനും ഏതാനും ചിലരുണ്ടായി. അതെന്തിന് എന്നു ചോദിച്ചാൽ, കലക്കവെള്ളത്തിൽ മീൻപിടിക്കുന്ന ഒരു സുഖം എന്നു മാത്രമാണ് മറുപടി. ഉന്തിനിടയിൽ ഒരു തള്ള് എന്നപോലെ വരേണ്യതയും കലർത്തി ഇളക്കാൻ അവർ തുനിഞ്ഞു. പാവം ശാസ്ത്രീയ സംഗീതജ്ഞർ എന്തു പിഴച്ചോ ആവോ! മറുപടിയില്ല. ഇരിക്കട്ടെ രാഗങ്ങൾക്കും താളങ്ങൾക്കും നാലു തെറി. സച്ചിനെ അറിയില്ലെന്നു പറഞ്ഞ മരിയ ഷറപ്പോവയെ തെറിവിളിച്ച അതേ മനോനില.



## നഞ്ചിയമ്മ പറയുന്നു

പതിവു ചിരിയും സ്നേഹവും മാത്രമാണ് നഞ്ചിയമ്മയ്ക്കു വിവാദങ്ങളോടു പ്രതികരിക്കുമ്പോൾ ഉള്ളത്. വിവാദം കാര്യമാക്കുന്നില്ലെന്നും അഭിപ്രായ പ്രകടനങ്ങളെ മക്കൾ പറയുന്നതുപോലെ മാത്രമേ കാണുന്നുള്ളൂ എന്നും അവർ പറഞ്ഞു.

എന്റെ മനസ്സ് വൃത്തിയാണ്. എല്ലാ മക്കളും എനിക്കു വേണം. എനിക്കെതിരേ പറയുന്നവരും പറയാത്തവരുമെല്ലാം വേണം. ഒരാളെയും തള്ളിപ്പറഞ്ഞ് ഞാനൊന്നും ചെയ്യില്ല. അതാണ് എന്റെ സന്തോഷം. എന്റെ മക്കൾ പറയുന്നതുപോലെയേ ഇതിനെയെല്ലാം ഞാൻ കണ്ടിട്ടുള്ളൂ. അത് ഞാൻ ഏറ്റെടുത്തു- നഞ്ചിയമ്മ പ്രതികരിച്ചു.

അവരുടെ സന്തോഷമാണ് യഥാർഥ പാട്ടുപ്രേമികളുടെയും സന്തോഷം. അവർ മനംനിറഞ്ഞു പാടട്ടെ. നമുക്കു കേട്ടു സന്തോഷിക്കാം. ഇഷ്ടമില്ലെങ്കിൽ കേൾക്കാതിരിക്കാം. അവർ നല്ല പാട്ടുകാരിയല്ല എന്നുപറയാൻ നമുക്കെന്തധികാരം! എന്നാൽ അങ്ങനെ പറഞ്ഞാലും അവർ ജീവിച്ചുവന്ന കാടിന്റെ മനസും അവിടത്തെ സംഗീതവും നമ്മളോടു ദേഷ്യപ്പെടില്ല.

# ലൈവ്സ് ഓൺ ബിൽബോർഡ്സ്

## സി.ആർ.രാജന്റെ രചന

### വിവർത്തക: ഗോപിക.യു.കെ




പ്രൊഫ. വി പി ജോൺസ്

**ഏ**തൊരാൾക്കും തന്റെ വ്യക്തിപരമായ അഭിരുചിക്കും സഞ്ചിത വിജ്ഞാനത്തിനും അനുയോജ്യമായ വിധത്തിലേ എന്തിനെയും, ഒരു വേള സാഹിത്യകൃതിയെയും വിലയിരുത്താനാവൂ. നോവലിന് പുതുമ ലഭിക്കണമെങ്കിൽ മൂന്ന് ഘടകങ്ങൾ വേണമെന്ന ഒരു സിദ്ധാന്തമുണ്ട്. പുതിയ പ്രദേശം, പുതിയ ആളുകൾ, പുതിയ ഭാഷ എന്നിവയാണവ.

ശ്രീ സി ആർ രാജന്റെ പുതിയ നോവലാണ് 'പരസ്യജീവിതം'. പബ്ലിക് ലൈഫ് എന്ന അർത്ഥത്തിലല്ല ഈ ശീർഷകം. പിന്നെയോ, പരസ്യങ്ങളുടെ ലോകം എന്ന അർത്ഥത്തിലാണ്. പബ്ലിസിറ്റി എന്നത് സമകാലിക സമൂഹത്തിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞിരിക്കുന്നു. സാമ്പത്തിക ശാസ്ത്ര വിജ്ഞാനീയത്തിൽ ഒരു സവിശേഷ പ്രയോഗം കണ്ടിട്ടുണ്ട്. ഒരു ഉൽപ്പന്നത്തിന്റെ ഉൽപാദന ചെലവ് പത്തുരൂപയും പ്രചാരണ ചെലവ് 90 രൂപയും. ഇത് ഒരുപക്ഷേ അതിശയോക്തിയാകാം. രാജൻ ചിത്രീകരിച്ചിരിക്കുന്നത് അഡ്വർടൈസ്മെന്റുകളുടെ ഒരു ലോകമാണ്. മർമ്മ പ്രധാനമായ നീക്കങ്ങൾ സമയ വിളംബമെന്യേ നിർവഹിച്ചാൽ മാത്രമേ കിടമത്സരങ്ങളുടെ ഈ 'പ്രചാരണ കളിയിൽ' മുന്നേറാനാവൂവത്രേ.



ഗോപിക.യു.കെ




ബ്ലാക്ക് സ്വാൻ എന്ന പരസ്യ പ്രചാരണ കമ്പനി തുടങ്ങിവെച്ച്, ആ രംഗത്തെ കുത്തകകളോട് പോരാടിയ യുവാവാണ് ഫ്രെഡി ഡാനിയേൽ. 2018ലെ വാണിജ്യ വിപണി റിപ്പോർട്ടിൻ പടി 700 ബില്യൺ ആണത്രേ അഡ്വർടൈസ്മെന്റ് വിഭാഗത്തിലെ വിപണന സാധ്യത. ഇതിൽ പത്രപരസ്യങ്ങൾ, ഫിലിമിങ് തുടങ്ങിയവയെല്ലാം ഉൾപ്പെടും.

ഫ്രെഡിയുടെ പിതാവ് ഒരു മുൻ തഹസിൽദാർ ഡാനിയേലാണ്. അദ്ദേഹം, സ്വപുത്രൻ നല്ല ഉദ്യോഗം നേടണമെന്നഭിലഷിച്ചു. എന്നാൽ ഫ്രെഡി വഴിമാറി സഞ്ചരിക്കാനാണ് ചിന്തിച്ചത്. അങ്ങനെയാണ്

ഫ്രെഡി 'പരസ്യജീവിത'ത്തിലെ പ്രധാന കഥാപാത്രമാകുന്നത്.

"A change will liberate you'' എന്ന ഒരു പ്രയോഗം ഇംഗ്ലീഷിൽ ഉണ്ട്. ഞാൻ വായിച്ചത് ഇംഗ്ലീഷ് വിവർത്തന ഗ്രന്ഥമാണ്. ഇതിൽ ബിബ്ളിക്കൽ ബിംബങ്ങൾ സുലഭമാകുന്നു. 'The truth will set you free' (സത്യം നിങ്ങളെ സ്വതന്ത്രരാക്കും.) വരികൾക്കിടയിൽ വായിക്കുന്നവരാകുന്നു നല്ല വായനക്കാർ. Erase memories (ഓർമ്മകളെ മായിച്ചു കളയുക) എന്നതാവാം അഡ്വൈസ്മെന്റ് ലോകത്തിന്റെ പൊതുസ്വഭാവം.

എഴുത്തുകാർ സത്യമേ പറയാവൂ എന്ന് ശഠിച്ച ആളാണ് ഷൊളോക്കോവ്. 'പരസ്യജീവിതം' എന്ന പുസ്തകത്തിൽ പരസ്യങ്ങളുടെ ലോകത്തെ എത്രയേറെ സത്യങ്ങൾ രാജൻ തുറന്നുകാട്ടുന്നു. ഫ്രെഡി ഡാനിയേൽ, ശ്വേതാ മാധവൻ, കാവ്യാസ്വാദകനായ കോപ്പിറൈറ്റർ മിത്രൻ, പരസ്യ സിനിമയിൽ അഭിനയിക്കാനെത്തുന്ന കാശ്മീരി സുന്ദരി എന്നിവരൊക്കെ ചൈതന്യ ശില്പങ്ങളായ കഥാപാത്രങ്ങളാണ് ഈ നോവലിൽ.

കെ പി എന്ന പരസ്യ കമ്പനിക്കാരൻ ഫ്രെഡിയുടെ മുന്നിൽ മുട്ടുകുത്താതിരിക്കാൻ കെട്ടുന്ന വേഷങ്ങൾ, ഡയമണ്ട് ജോൺസ്, ഫ്രെഡിയുടെ ഹൃദയ സൂക്ഷിപ്പുകാരൻ ജോസപ്പേട്ടൻ തുടങ്ങിയവരും മിഴിവുറ്റ കഥാപാത്രങ്ങൾ തന്നെ.

അഡ്വർട്ടൈസ്മെന്റ് കമ്പനികൾ, പരസ്യ ദാതാക്കളായ ജ്വല്ലറി കടക്കാർ തുടങ്ങി രാഷ്ട്രീയ കക്ഷികൾ വരെ പബ്ലിക് റിലേഷനിലൂടെ വോട്ടർമാരെ സ്വാധീനിക്കാൻ ശ്രമിക്കുന്ന വിദ്യകൾ തന്മയത്വത്തോടെ ഈ നോവൽ അനാവരണം ചെയ്യുന്നു. അഡ്വർടൈസ്മെന്റിന് അന്താരാഷ്ട്ര അവാർഡ് സംഘടിപ്പിക്കാനുള്ള യത്നങ്ങളും ഇതിൽ കാണാം. 'Lives on billboards' മലയാളഭാഷയ്ക്കപ്പുറവും പരസ്യ ജീവിതത്തെ പ്രസരിപ്പിക്കുന്നു.

**പ്രൊഫ. വി പി ജോൺസ്**

---

മിനിക്കഥ

# ജീവിച്ചു കാണിക്കാൻ



**ഉണ്ണി വാരിയത്ത്**

പ്രശ്നങ്ങൾക്കുമേൽ പ്രശ്നങ്ങളാൽ അവന് ജീവിതം മടുത്തുപോയത്രെ!ജനിച്ചുപോയി എന്ന ഒറ്റ കാരണത്താൽ മരിക്കുവോളം ജീവിക്കാൻ അവന് സൗകര്യമില്ലപോലും! അതിനാൽ മരണം കൊണ്ട് ജീവിതത്തോട് പ്രതികാരം ചെയ്യാൻ തീരുമാനിച്ചെന്ന്!

ആത്മഹത്യയിൽനിന്നും അവനെ തടഞ്ഞ അയാൾ പറഞ്ഞു:

'നിന്റെ ജീവിതംകൊണ്ട് നിനക്കോ മറ്റുള്ളവർക്കോ വല്ല പ്രയോജനവും ഉണ്ടായോ? ഇല്ലല്ലോ? അപ്പോൾ നീ എന്നോ മരിച്ചുകഴിഞ്ഞു. ഇനി ആത്മഹത്യ എന്തിന്? ഇനിയെങ്കിലും ഒന്നു ജീവിച്ചു കാണിക്കാൻ ശ്രമിക്കുകയാണ് വേണ്ടത് '

അയാളുടെ വാക്കുകൾ അവന്റെ മനസ്സിലേക്ക് മെല്ലെ മെല്ലെ ആഴ്ന്നിറങ്ങി ത്തുടങ്ങി......

കവിത

# അക്ഷരാഞ്ജലി





**അപ്സര ആലങ്ങാട്ട്**

നീർമാതളത്തിൻ ചുവട്ടിൽ
അല്പനേരം ഇരിക്കണം...

നീയറിഞ്ഞ സുഗന്ധങ്ങൾ,
നിന്നെത്തഴുകിയ കാറ്റിലൂടറിയണം..

നിന്റെ മനസ്സ് ചരിച്ച വഴികളിലൂടെ,
നിന്നെയാവാഹിച്ച് നീയായ് നടക്കണം..

നിൻറെ ചലനങ്ങൾ ചലിപ്പിച്ച മനസ്സുകളെ
അസൂയയോടൊന്ന് കൂടെക്കൂട്ടണം..

മാന്ത്രിക വിരൽസ്പർശത്താൽ,
ആരാധക വൃന്ദത്തെ, ജ്വലിക്കും
സൗന്ദര്യത്തിനടിമകളാക്കിയ,
നിൻറെ മോഹിപ്പിക്കും വരികൾ
പലവുരു വായിച്ച് നിർവൃതിയടയണം..

നീയെന്ന സമുദ്രത്തെ തേടിയെത്തിയ
നീരരുവികളിൽ, നീ കണ്ടെത്തിയ
പ്രണയം, നിന്നാവിഷ്കാരങ്ങളിൽ
നിറഞ്ഞുനിന്ന് നൃത്തമാടിയപ്പോൾ
ഒരുവേള നാണിച്ചുപോയിരുന്നു നീയും..

നാണത്താൽ വിരിഞ്ഞ നുണക്കുഴികളിൽ
ഞാൻ കാണുന്നത് കുങ്കുമച്ചോപ്പാൽ
അങ്കിതമായ പ്രണയമുദ്രകളാണ്..

നിർഭയമായ നിൻറെ മനസ്സിൽ,
നിഷ്കളങ്കത കുടിയേറിയപ്പോൾ,
കൂടെപ്പാർത്ത വരികളിൽ,
കാമവും മോഹവും അഭിലാഷവും
ചേർത്ത് ചാലിച്ച നിറക്കൂട്ടാൽ
ജീവൻ പകരാൻ, നിനക്കു മാത്രമേ
കഴിഞ്ഞതുള്ളൂ...
പ്രിയ കവയിത്രീ...

നിന്നെ പ്രണയിച്ച മനസ്സുകളിൽ,
ഒരു തുലാമഴയായ് പെയ്തിറങ്ങുന്നു നീ,
നിന്നാലാലേഖനം ചെയ്യപ്പെട്ട
നിരുപമ സുന്ദര വരികളാൽ..!

ഒടുവിലൊരു പർദ്ദക്കുള്ളിൽ,
നിൻറെ സൗന്ദര്യമൊളിപ്പിക്കാൻ
നീ കാട്ടിയ തിടുക്കമോ..തൻറേടമോ
നിന്നിലെ ചങ്ങലക്കിട്ട പെണ്ണിൻറെ
നീയാഗ്രഹിച്ച മോചനമായ്..

അടിച്ചേൽപ്പിക്കപ്പെടുന്ന
ആചാരങ്ങളോട് നീ പ്രഖ്യാപിച്ച
യുദ്ധമായ് കാണുന്നു ഞാൻ...!

ഭ്രാന്തമായ ആവേശമായ് നിന്നെ
മനസ്സിൽ സൂക്ഷിക്കാതിരിക്കാൻ
കഴിയില്ലൊരാൾക്കും ,
ഒരിക്കലെങ്കിലും നിന്നെ
വായിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ...!



രജനി സുരേന്ദ്രൻ



# ക'വിത്ത്'

തീർത്തും നിശ്ശൂന്യമായ മൗനത്തിനൊടുവിൽ
പൊട്ടിമുളയ്ക്കാൻ വെമ്പുന്ന
വാക്കിന്റെ വിത്തുകൾ
തുലാവർഷമേഘങ്ങളെപ്പോലെ
പൊട്ടിത്തെറിയ്ക്കാൻ തുടങ്ങുമ്പോളത്രേ
കവികൾ കാമനകളുടെ
വിതയിറക്കാൻ തുടങ്ങുന്നത് ...
ആറ്റിക്കുറുക്കിയൊഴിക്കുന്ന കണ്ണുനീർത്തുള്ളികൾ
വാക്കിൻ തുളകളിലൂടെ നേർപ്പിച്ചെടുത്ത്
അവയെ നട്ടുനനയ്ക്കുന്നത്....
നോവിൻ കൂടുകൾ തച്ചുടച്ച്
കനവുറയുന്ന കണ്ണുകളിലെ
കനൽജലം തേവി പെറ്റു പോറ്റുന്നത് ...
ആഴ്ന്നിറങ്ങുന്ന വേരുകൾക്കൊപ്പം
പുകയുന്ന ചിന്തകളുടെ ചോരപ്പൊടിപ്പുകൾ
മണ്ണാഴങ്ങളിലൂടെ ഉറവക്കയ്യായി മാറ്റുന്നത്.....
ഒടുവിലൊരു നോവിൻ പെരുക്കത്തിൽ
മുള പൊട്ടി വിരിയുന്ന കവിതക്കുഞ്ഞിന്റെ
നക്ഷത്രച്ചിരികളിൽ
അലിഞ്ഞലിഞ്ഞ് മണ്ണായിത്തീരുന്നത് ..
മണ്ണും കവിയും ഒന്നായിത്തീരുന്നത്!

# സിന്ദൂരച്ചാലിൽ ചിതാഭസ്മം ഒലിച്ചിറങ്ങുമ്പോൾ ...

കവിത

ആരവങ്ങളില്ലാതെ മൂന്നാമിടങ്ങളിൽ പതിയിരുന്ന്
നിങ്ങളിരുവരും പറുദീസ പണിയുമ്പോൾ....,
സാഹചര്യം നിന്റെ തിരക്കഥകൾക്ക്
കിരീടവും ചെങ്കോലുമണിയിക്കുമ്പോൾ...,
വാക്കുകളിൽ മധുരം പൊതിഞ്ഞ്,
രണ്ടു സിംഹാസനങ്ങളുള്ള
സ്വർഗ്ഗരാജ്യം സൃഷ്ടിച്ചെടുക്കുമ്പോൾ...,
പുതു രുചികളെ ആവോളമാസ്വദിച്ച്,
പഴയ തനത് രുചിയനുഭവങ്ങൾക്ക്
ചവർപ്പിന്റെയും കയ്പിന്റെയും മടുപ്പിന്റെയും
ഉപ്പില്ലായ്മകൾ മത്സരിച്ച് സമർത്ഥിക്കുമ്പോൾ...,
ഞങ്ങളവളെക്കുറിച്ചാണോർക്കുന്നത്...

നിസ്സഹായത നേരത്തേ തിരിച്ചറിഞ്ഞവൾക്ക്
നിഴൽച്ചിത്രം വരച്ചു ചേർത്തു നോക്കാറുണ്ട്.
വ്യർത്ഥമെന്ന ബോധത്തെ വിഴുങ്ങിക്കൊണ്ട്
അവളപ്പോൾ നിറുകയിൽ നീട്ടി വരച്ച
സിന്ദൂരത്തിന്റെ പ്രകാശത്തിൽ, കൃഷ്ണമണികളിൽ
നിന്നെ വരയ്ക്കുന്ന തിരക്കിലായിരിക്കും.
മനസ്സുകൊണ്ട് മരിച്ചുപോയവളുടെ നെറ്റിയിൽ
നിന്റെ ചിതാഭസ്മം വിയർപ്പിൽ അലിഞ്ഞു ചേർന്നിട്ടുണ്ടാകും.

ജീവപര്യന്തം തടവിലാക്കപ്പെട്ടവരേ..,
നിങ്ങളെന്തിനാണ് ഇതിലിത്രയ്ക്ക് ജ്വലിക്കാനെന്ന് മാത്രം
ഞങ്ങളോടൊരിക്കലും ചോദിച്ചു പോകരുത്.
കാരണം, നാളെയൊരിക്കൽ അവളുടെ
നെറുകയിലെ ചുവന്ന പ്രകാശത്തിൽ
ഞങ്ങളുടെ തൊടുവിരൽത്തുടിപ്പുകൾ
പാടേ കത്തിയമർന്നു പോകില്ലെന്ന്
ആർക്കാണുറപ്പ് പറയാനാവുക........!





സിജി. എം. കെ

കവിത

# അവകാശികൾ



അര മതിലിനു പിന്നിൽ,
ഒരാൾ പൊക്കത്തിൽ ഓടാമ്പലിട്ട വാതിലിനു മുന്നിൽ,
പടികൾ കയറിച്ചെല്ലേണ്ട ദേവാലയത്തിനരികിൽ
തോറ്റുപോയി നിശബ്ദരായി നിൽക്കുന്ന ചിലരെ കണ്ടിട്ടുണ്ടോ?

കൂടപ്പിറപ്പുകളും, സുഹൃത്തുക്കളും
സന്തോഷത്തിലേക്ക് ഓടിപ്പോകുമ്പോൾ
ചിറകറ്റ ചിത്രശലഭത്തെപ്പോലെ
അത്ഭുതത്തോടെ ചിരിക്കുന്ന കുട്ടികളെ ശ്രദ്ധിച്ചിട്ടുണ്ടോ?

പോരാ, പോരാ എന്ന് പരിഭവം പറഞ്ഞു
മത്സരത്തിന്റെ മദോന്മാദത്തിൽ
നിരാശരാവുന്നവർക്കിടയിൽ
പോരായ്മയുള്ളവനെന്ന
നാമം ചേർത്തുവച്ച്
ഉള്ളത് കൊണ്ട് ജീവിതത്തെ പൂന്തോട്ടമാക്കിയ
ഉദ്യാനപാലകനെ അറിയുമോ?

നീ എത്ര കാരുണ്യവാൻ
എത്രമേൽ പൂർണ്ണൻ
എന്നിട്ടുമെന്നെ എന്തിനപൂർണ്ണനാക്കിയെന്ന്
കണ്ണുനീർകൊണ്ട് ചോദിക്കുന്ന പ്രാർത്ഥന കേട്ടിരുന്നോ ?

എവിടെയും ഓടി എത്താനാകാത്ത,
ഒന്നും എത്തിപ്പിടിക്കാനാകാത്തവരുടെ കൂടെ ചേർന്നു
നടക്കുന്നവരെ ഓർത്തിട്ടുണ്ടോ?
ഒന്നുറക്കെ നടന്നാൽ പ്രിയപ്പെട്ടവൻ പിന്നിലായിപ്പോകുമോ
എന്ന് ഭയന്ന് കാലുകളുടെ വേഗം നഷ്ടമായവർ,
എവിടെയെങ്കിലും പോയാൽ
അവൻ ഒറ്റക്കാവില്ലേ എന്ന് വിചാരപ്പെട്ട്
ലോകത്തെ വീട്ടിനുള്ളിൽ പൂട്ടി വെച്ചവർ
സന്തോഷങ്ങളും, സമാഗമങ്ങളും
'അവനെ കൂട്ടാൻ പറ്റില്ലല്ലോ ' എന്ന കരുതൽ
ചിരിയിൽ കരിച്ചു കളഞ്ഞവർ!

അവർക്കും കൂടിയുള്ളതാണീ ലോകം
ലോകത്തെ ഉരുട്ടി
കയ്യെത്താ കൊമ്പിൽ വെക്കുമ്പോഴും,
മതിലുകെട്ടി മറക്കുമ്പോഴും
ഓർക്കണം
നമുക്ക് അധികമായി ലഭിച്ചതിന്റെയെല്ലാം അവകാശികളാണവർ.




**ബഷീർ മുളിവയൽ**

# വരി ഒക്കാത്ത വാക്കുകൾ

സ്വച്ഛമായ ആകാശപ്പരപ്പിൽ ഋതുഭേദങ്ങളുടെ മന്ദഹാസം
അരുണിമയുടെ പെയിന്റു പൂശിയ ഭൂമിയുടെ ചുമരുകൾ
കടലുകൾക്കിടയിൽ നങ്കൂരമിടുന്ന അഭയാർത്ഥിക്കപ്പലുകൾ
അചിരേണ വന്നണയുന്ന വിശപ്പിന്റെ തവളകൾ
'പേക്രോം പ്രേക്രോം' എന്ന് നെടുനെടുങ്ങൻ വിലാപങ്ങൾ
തിരസ്കൃതരുടെ വനാന്തരങ്ങൾ ഗാഢവായുവിൽ ഇളകിയാടി
അനതിശയജന്യമായ സംഭവഗതികളുടെ പെരുമഴ
കാറ്റ് എന്തുകൊണ്ടാണ് പൊടുന്നനെ കൊടുങ്കാറ്റാവുന്നത് ?
ജാഗരൂകമായ മനസ്സുകൾക്ക് എന്നുമെ പതിനാറ്
മാർക്കണ്ഡേയനും, അധികാര കോയ്മകളും
ഇരട്ട പിറന്ന സഹോദരങ്ങളാകുന്നുവോ?
നിരാലംബന്റെ കണ്ണും, കർണ്ണപുടങ്ങളും
അട്ടഹാസ നിബിഡതയിൽ പൊഴിഞ്ഞു പോകുമോ?
ചലനമറ്റ അച്ചുതണ്ടിനാൽ ഭൂമിക്കെന്തു കൃതം?
കൈ കാലുകൾ കഴച്ചു പൊട്ടുന്നു.
രക്തധമനികളിൽ കോമാളിയുടെ നിറം കലരുന്നു.
മേഘവൃന്ദങ്ങൾ ആകാശച്ചെരിവിൽ നൃത്തമാടുന്നു,
അനായാസം കരചരണങ്ങൾ കുതറിപ്പറക്കുന്നു
പ്രീണനങ്ങളും പ്രലോഭനങ്ങളും പ്രകോപന ഹേതുക്കളോ?
നാരായത്തിന്റെ തുമ്പത്ത് ഒട്ടനവധി ചിത്രശലഭങ്ങൾ
ഒരു ഉദ്യാനത്തേര് ഉന്മേഷഭരിതം ഉരുണ്ടുപോകുന്നു
സൂര്യന്റെ നഗ്നമായ ഉടൽ, ചന്ദ്രൻ വിളറിനിന്നു
ക്ഷണവേഗം, ബദ്ധപ്പെട്ട് ചന്ദ്രൻ അമ്പിളിയായി
ദേവദാസീ നക്ഷത്രങ്ങൾക്ക് അർക്കമുഖത്ത്
ഒരു ഒളികണ്ണുണ്ട്
ചക്രവാളസീമയ്ക്കപ്പുറം, സൂര്യചന്ദ്രന്മാർ
തിടുക്കത്തിൽ എന്താണ് നൊട്ടി നുണയുന്നത് ?
ഇമകൾ സാവകാശം വെട്ടിച്ചു വെട്ടിച്ചു
പുതിയ തുറമുഖങ്ങൾ!
വ്യാകുലഹീനമായ രാവ് ഉദിച്ചു പൊങ്ങുകയായി
ചൂട്, പകലിനു മുമ്പുണർന്ന പ്രഭാതത്തിലേക്ക്
ആദിത്യ രശ്മികൾ, ഇളംചുവപ്പുമായി വന്നണയുന്നു
ആത്മാവുകളുടെ ധർമ്മസങ്കടങ്ങൾ ആരറിയുന്നു?
നിശബ്ദതയുടെ തുടുത്ത വർണ്ണങ്ങളേ നന്ദി!
ചൂടുകാറ്റിലുലയുന്ന മലപോലെ ഒരു ഉടൽ
ആകാശം പോലെ വിളഞ്ഞുകിടക്കുന്ന ഓർമ്മകൾ
നീലയും, മഞ്ഞയും, വയലറ്റും, പിങ്കും, ഓറഞ്ചും
ഇളം ചുവപ്പും തൂങ്ങികിടക്കുന്ന ജീവിത
കമാനമേ മാനമേ നന്ദി, നന്ദി നന്ദി !



വി.പി. ജോൺസ്





# കൗശലം

ഉള്ളിലിരുന്നു ചിരിക്കുന്നു
നേർവഴികളിൽ
കുറുക്കു വഴികളുടെ
മാളം തീർത്തൊരു ചങ്ങാതി !

അവൻ വിളമ്പിയ
പാത്രത്തിന്റെ പരപ്പിൽ
ഇന്നും ദാഹം കെടാതലയുന്നു
ആഴമില്ലാത്തടുപ്പങ്ങൾ !

മാളത്തിൽ വാലിട്ടിളക്കി
അവൻ പിടിച്ച ഞണ്ടുകൾക്കും
ഞാൻ കെണിവെച്ചു വീഴ്ത്തുന്ന
പൂമ്പാറ്റകൾക്കും ഒരേ രുചി!

ഒറ്റ ഓരിയിൽ തീരുന്നു
ഒരു കരിമ്പിൻ തോട്ടത്തിന്റെ മാധുര്യം
ഒരു കൊഞ്ചലിലലിയുന്നു
ചുണ്ടിൽച്ചേർത്ത പ്രണയപ്പൊതി

എത്ര മുന്തിരിക്കുലകളാണ്
പുളിപ്പില്ലാഞ്ഞിട്ടും
ഞാൻ വിട്ടുകളഞ്ഞത്
അവൻ അന്നു ചുറ്റിയ വട്ടത്തിൽ
കറങ്ങുകയാണിപ്പോഴും പിടകൾ !

ചത്താലും
കൂടിനു പുറത്തായാലും
കൂട്ടുപിരിഞ്ഞാലും
കണ്ണിപ്പോഴും...

മുന്നിൽ വെട്ടിത്തിളങ്ങുന്നു
അന്നവൻ വീണ ചായപ്പാത്രം
നിറം മങ്ങാതെ!



യൂസഫ് നടുവണ്ണൂർ



ഡോ.പി.സജീവ്കുമാർ



# അസ്തമയം

പിഞ്ഞിപ്പോയൊരു വസനം
മാഞ്ഞു പോകുമൊരു വസന്തം
ഉള്ളിൽ പോറലേകും വിരഹം
തിരിതാണു കത്തുമൊരു വിളക്ക്
ആനന്ദമകന്നൊരു വാഴ്‌വ്
നിറക്കൂട്ടുകളൊലിച്ച വാനം

പാളം തെറ്റിക്കിടക്കുമോർമ്മകൾ
പഴതാകും പ്രാണഞരമ്പുകൾ
പാട്ടുരാശിയിലെ വിരസപ്രകാശം
പൊടുന്നനെ വിട ചൊല്ലുമുറ്റവർ

വരുവാനാരുമില്ലാത്ത സായന്തനങ്ങൾ
പകലിന്റെ പട്ടടതൻ ആളിക്കത്തൽ
ദിനാന്ത്യത്തിൻ വിരഹസിംഫണി
ചേക്കേറും പകൽക്കിളികൾ
ആസന്നമാകുന്ന രാവിന്റെ കറുപ്പ്
ഇരുളിന്റെ കടൽപ്പാലസഞ്ചാരങ്ങൾ .

കവിത



സെയ്തലവി വിളയൂർ



# മദ്യപാനി

മനസ്സിൻ സാഗരത്തിൽ
ആത്മ സംഘർഷങ്ങളുടെ തിരമാലകൾ
ആർത്തിരമ്പിയപ്പോഴാണ്
ഗത്യന്തരമില്ലാതയാൾ
അന്തിക്കൊരു തുള്ളി അകത്താക്കിയത്..

പിന്നെ പകലും പാതിരയും
ഇഴജന്തുവായ്,
അമ്മ ഭാര്യയും
ഭാര്യ അമ്മയുമായ്..
പോർവിളികളായ്
തെറിയഭിഷേകമായ്..

കാലുറക്കാത്ത വാക്കുകൾ,
തലയുറക്കാത്ത ചിന്തകൾ..
ഓവുചാൽ നീട്ടിവിരിച്ച്
റോഡിനെ കൂട്ടുകിടത്തി
ഇരുട്ടു പുതച്ചുറക്കം..

വാക്കിൻ ഓക്കാനങ്ങൾക്കൊപ്പം
ഉള്ളുകള്ളികൾ ഉടലോടെ ഛർദ്ദിക്കും..

പുറംതള്ളപ്പെട്ട രഹസ്യങ്ങളിന്മേൽ
തെരുവുനായകൾ കടിപിടി കൂടും..

ഉള്ളം വെടിപ്പാവാൻ,
നിഷ്കളങ്കതയുടെ പര്യായമാവാൻ,
ബന്ധങ്ങളുടെ കെട്ടുകയറുകൾ
എളുപ്പത്തിൽ പൊട്ടിച്ചെറിയാൻ,
അതിലാളിത്യത്തിന്റെ
പ്രതിരൂപമാവാൻ,
കുടിക്കണം ഒരു തുള്ളിയെങ്കിലും..



# ഭൂപടം വരയ്ക്കുമ്പോൾ



ശഫീഖ് അബ്ദുല്ല

ഞാനൊരു
ഭൂപടം വരയ്ക്കുന്നു...
അതിരുകളിൽ,
അരക്ഷിതാവസ്ഥയുടെ
മതിലുകൾ കെട്ടുന്നു.
ഉള്ളിൽ,
പുഴുക്കുത്തേറ്റ ഭാഗത്ത്
സുഷിരങ്ങൾ കൃത്യമായി
അടയാളപ്പെടുത്തുന്നു.

വിലാപങ്ങളുയരുന്ന
വിണ്ടുകീറിയ പാടങ്ങളിൽ
തളിർക്കാൻ വെമ്പുന്ന
വിത്തുകൾ മുഷ്ടി ചുരുട്ടുന്നു,
വെടിയുണ്ടയേറ്റ് ചിന്നിച്ചിതറിയ
അക്ഷരങ്ങളിൽ
വിപ്ലവപ്പൂക്കൾ വിടരുന്നു,
ഭയത്തിന്റെ മൗനം പുതച്ച്
മണ്ണിലടർന്ന ജീവനുകൾ
നിസ്സഹായതയുടെ
കളം വരയ്ക്കുന്നു,
തുരുമ്പെടുത്തു
കൊണ്ടിരിക്കുന്നൊരു
തുലാസിലെ സൂചി
നേരെ നിൽക്കാനാവാതെ
ഇളകിയാടുന്നു...
വരയിലിവയൊന്നുപോലും
വിട്ടുപോവാതെ,
വ്യക്തമായി പതിപ്പിക്കുന്നു.

വരച്ച ഭൂപടത്തിന്
ചായം പകരാൻ
രക്തച്ചുവപ്പിനോളം
ചേർച്ചയുള്ള മറ്റേതു നിറം?
ഇടയിൽ,
ഇരുണ്ടുറഞ്ഞ കറുപ്പും.
പേരിനു മാത്രം
അങ്ങിങ്ങായല്പം
പച്ചിലച്ചായം ചാർത്തുന്നു,
പഴുത്തു പാകമായടരാൻ കൊതിച്ച്
ഇളംകാറ്റിനായ്
കാതോർക്കുന്ന മഞ്ഞയും.

ഒടുവിൽ,
സിരാ കേന്ദ്രത്തിൽ
ചായം പകരുമ്പോൾ
ബ്രഷിൽ പുരണ്ട പല നിറങ്ങൾ
കൂടിക്കലർന്നൊരു
ചെളിപുരണ്ട നിറം
ക്യാൻവാസിൽ ചുംബിച്ചതോടെ
ഞാൻ വരച്ച ഭൂപടത്തിന്റെ
ചിത്രം പൂർണമാകുന്നു.



കവിത



ദീപ ദിനേശ്

# തൊഴിൽ ദിനങ്ങൾ

പാത്രമാണെന്നുമവൾ
സദാചാര നേത്രങ്ങൾ -
ക്കാർത്തി പൂണ്ടെത്തും
രഹസ്യ നോട്ടങ്ങളിൽ

കാട്ടിലേക്കായാലും
അന്നവൾ വഴി കാട്ടി
രാത്രിയിലൂടെ തെളിക്കും
വിളക്കവൾ

മാത്രയിലോരോ മഴചാറ്റലിൽ
നേർത്ത കൂർത്ത
വികാരങ്ങൾ തൻ
വീണ്ടെടുപ്പിൽ....

വിയർപ്പിൽ കുതിർത്ത്
നീട്ടുന്ന നോട്ടിൽ
കുടുങ്ങും വിശപ്പിൻ
വിളറിയ കണ്ണുകൾ..

ആരവൾക്കേകുന്നു
ജീവനും സ്നേഹവും
ആരോനൽകും
തൊഴിൽ ദിനം മാത്രമീ
നേരറിയാത്തോരീ
സദാചാര ലംഘനം

അഴലിന്റെ
അറിയാക്കയങ്ങളിലവൾ പെറ്റ
അഴകിന്റെ തുടിപ്പുകൾ
ക്കറിവുമാഹാരവും
നിഴലുമേകേണ്ടവൾ

അവളെന്തേ ഇന്നീ
പഥിതർതൻ
വഴിവക്കിൽ
അവിദഗ്ദ്ധമാമീ
തൊഴിലിടത്തിൽ
അറിയാത്ത മുഖങ്ങളിലളവറ്റ് നിറയുന്ന
ചിരിയുടെ
ചേതോവികാരം ചികയുന്നു..

വിലപേശി നേടിയ
മനമറ്റദേഹത്തെ
മുതലാക്കിയാ ചിരി
നടന്നകലുമ്പോൾ
ലഹരിക്കിതപ്പിൽ
ഞെരിഞ്ഞ പൂവിൻ
മനം മടുക്കും
ഗന്ധമവൾചൂടി
ഉണരുമ്പോൾ..

അലിവോടെ
നീട്ടുവാനറിയാത്ത
കൈകളിൽ
നിന്നിനിയെത്ര കൈവിരൽ
ചൂണ്ടുമവളിലേക്ക് ...
ഇനിയേത് വാക്കിലും
നോക്കിലും ക്ഷതമേറ്റ്
മുറിയുമാ മനസ്സെന്ന്
ശാന്തമാകും.....

കവിത



# സാക്ഷകളുടെ മുറവിളികൾ

ചാക്കോ ഡി അന്തിക്കാട്

ഓരോ ചുണ്ടു,മോരോ
സാക്ഷയാ,ണോരോ,
സാക്ഷയ്ക്കകത്തും,
പുറത്തും,
നാവുകളുടെ,
കണ്ണുകളുടെ,
ഹൃദയത്തിന്റെ,
ആമാശയത്തിന്റെ,
ആസനത്തിന്റെ,
കൈകാലുകളുടെ,
തലച്ചോറിന്റെ,
ദൃക്സാക്ഷിത്വത്തിന്റെ,
ലോകമറിയാത്ത,
അജ്ഞാതരുടെ ചരിത്രവും!

തുറക്കപ്പെടാത്തതിനെ,
വിലക്കപ്പെട്ടതിനെ,
വിനയപൂർവ്വമായതിനെ,
അട്ടിമറിച്ചതാണ്,
കൊളുത്തില്ലാത്ത
സാക്ഷകളുടെ
സമര ഗാഥകൾ !

എഴുതപ്പെട്ട ചരിത്രത്തെ,
യട്ടിമറിച്ച,
എഴുതപ്പെടുത്താത്തവരുടെ
ചരിത്രപാഠം!

കീഴടക്കുന്നവനും,
കീഴടങ്ങുന്നവനും,
ലഭിക്കു,മിരുണ്ട ചരിത്രം!

സ്നേഹത്തിനും,
സഹനത്തിനും,
പോരാട്ട ചരിത്രത്തിനും,
ലഭിക്കും–
സ്വന്തമൊരു ബലികുടീരം!

സാക്ഷകൾ
ബലമായി വലിച്ചു
തുറക്കുന്നവനും,
ചുണ്ടുകൾ പിളർത്തി,
യലറി വിളിച്ചവനും,
മഴയത്ത്
കണ്ണുകൾ തുറന്ന്,
മഴക്കണ്ണുകൾ കണ്ടവനും,
മനസ്സിൽ

കുമ്പസ്സാരക്കൂടുകൾ
പണിയാത്തവനും,
സിംഹാസനങ്ങൾക്കുവേണ്ടി
ആസനത്തിന്റെ,യാകൃതി
മാറ്റാത്തവനും,
ഭൂമിയിലുറച്ചു
നടക്കുന്നവനും,
സത്യസന്ധമായി,
നിസ്സംശയം,
സാക്ഷ്യം
പറയുന്നവനുംവേണ്ടി,
കാവലിരിപ്പൂ...
യഥാർത്ഥ മാനവചരിത്രം!

അധികാരത്തിന്റെ
അണിയറകളിൽ
അട്ടിയിടപ്പെടാറുള്ള,
അനീതികളുടെ
അഴുക്കു കൂമ്പാരങ്ങളെ
അഗ്നിക്കിരയാക്കാൻ,
ആരു മുതിരുന്നുവോ,
അവർക്കു മാത്രമായി
തുറന്നിരിയ്ക്കുന്നു
ചരിത്രത്തിൻ വാതായനങ്ങൾ!

ഭയം കയറിയപ്പോൾ,
കൊട്ടിയടച്ച സാക്ഷകൾക്ക്
ചിത,ലല്ലെങ്കിൽ തുരുമ്പ്,
അത്രമാത്രം സ്വന്തം!

ഭയരഹിതമായി
തുറന്നിട്ട വാതായനങ്ങൾക്ക്
കൊടുങ്കാറ്റിനെയും,
പേമാരിയെയും,
ഭയക്കേണ്ടതില്ല!

ജനൽപ്പാളികൾ
അടർന്നു തെറിച്ചാലും,
മുഖത്തു വീണ
കരുണയുടെ മഴത്തുള്ളികൾ
തുടച്ചുമാറ്റാതിരിക്കാൻ
വേണം,
വിരലുകളുടെ ജാഗ്രത!

'വിപ്ലവം'
എന്നെഴുതിയ
വിരലുകൾക്ക്,

ഭയമില്ലാതെ
തുടയ്ച്ചു നീക്കാം,
നിഷ്ക്രിയതയുടെ,
തണുപ്പില്ലാത്ത
ജലകണങ്ങൾ!

അധികാരികൾ
കരിനിയമങ്ങൾ പതിച്ചിട്ട,
അടച്ചിട്ട സാക്ഷകൾ,
ആരു ചവിട്ടിത്തുറക്കണം?–

അതെ...അടിമകൾ!...

തടവറകളിൽ,
അകത്തളങ്ങളിൽ
ഗർഭിണികൾക്ക്
ചവിട്ടേൽക്കുമ്പോൾ,
ഗർഭശയനത്തിൽ
നിന്നുമുയരുന്ന നിലവിളികൾ
ആദ്യം വന്നു കുലുക്കുന്നത്
സാക്ഷകളെയായിരിയ്ക്കും!

ആദ്യമുയരുന്ന
മുറവിളികൾ–
സാക്ഷാൽ
അടിമകളുടേതായിരിയ്ക്കും!

മരണംവരെ
ചെറുത്തുനിൽക്കണം...

കൈകാലുകൾ
അറുത്തു മാറ്റപ്പെട്ടാൽ,
തലകൾക്കൊണ്ട്...
തലകളറുക്കപ്പെട്ടാൽ
കഴുത്തുകൾക്കൊണ്ട്...

രക്തം കലർന്ന
നീർച്ചാലുകൾ നോക്കി,
ആകാശത്തിന്റെ
കറുത്ത സാക്ഷകൾ
പിളർന്നു, വരുമൊരു
മൺസൂൺ
മഴമേഘശബ്ദം:

'തുള്ളികളായി
ആദ്യം താഴോട്ട്...
പിന്നെ മുന്നോട്ട്...
ഒരിയ്ക്കലും പിന്നോട്ടില്ല!'



ചിത്ര ആർ. പൈ

# സഖി



കവിത

അല പോലെ എന്നോട് വിട പറഞ്ഞിടണം
കര പോലെ
നിന്നെ
ഞാൻ കാത്തു നിൽക്കാം സഖി.

നിൻ സ്നേഹ ലാളന തിരയിൽ
കുളിക്കുവാൻ
വെമ്പുന്ന
മനവുമായ് നിൽപ്പിതാ ഞാൻ സഖി

ആവില്ലെനിക്ക് നാം ഒത്ത ദിനങ്ങളെ സ്മൃതിയിൽ
നിന്നങ്ങ് മായിച്ചീടുവാനെൻ സഖി

പുസ്തകത്താളുകൾ ഒന്നായ് മറിച്ചതും
ഇലഞ്ഞിതൻ ചോട്ടിൽ
കുറുകി നടക്കും
ഇളം പ്രാവുകളായ് നിനച്ചു കളിച്ചതും
തരിശായ് കിടന്ന എന്നുള്ളിൽ
തളിർത്ത നിൻ
സ്നേഹ മലരുകൾ കോർത്തു രസിച്ചതും.

ആവില്ലെനിക്കിനി മറക്കുവാൻ നിൻ
സ്നേഹ
സാന്ത്വന തിരയിൽ
നനഞ്ഞതാമാർദ്ര നിമിഷങ്ങൾ...





കൃഷ്ണകുമാർ മാപ്രാണം

# ഹൃദയത്തിൽ തൊടുന്ന വിരലുകൾ

മധുരാഗമെന്നിൽ ചൊരിയുവാൻ മീട്ടുന്ന -
മണിവീണ തന്നിൽ ചലിക്കുന്ന വിരലുകൾ
മുഗ്ധമോഹത്തെയുണർത്തുവാനെത്തുന്ന
മൃദുലമാമിതളുപോലുള്ള നിൻ വിരലുകൾ

പാഴ്മുളം തണ്ടിൽ നിന്നീണം പൊഴിയ്ക്കുവാൻ
പതിയെ തഴുകുന്ന മോഹനവിരലുകൾ
ചിത്രശിൽപ്പങ്ങളിൽ വർണ്ണം നിറയ്ക്കുവാൻ
ചേണാർന്ന നിന്നുടെ നീളുന്ന വിരലുകൾ

തിമിലയിൽ ചെണ്ടയിൽ വാദ്യവൃന്ദങ്ങളിൽ
താളം തിമിർക്കും തഴമ്പിച്ച വിരലുകൾ
വളയം പിടിയ്ക്കുവാനെറിയുവാനെഴുതുവാൻ
വരച്ച ചിത്രങ്ങളെ മായ്ക്കും വിരലുകൾ

വാത്സല്യം വാരിപ്പുണർന്നു നൽകീടുന്ന
താരാട്ടുപാടിയുറക്കുന്ന വിരലുകൾ
വാസന്തിപ്പൂക്കളാൽ മാല്യം കൊരുക്കുന്ന
താമരയിതളുപോലുള്ള നിൻ വിരലുകൾ

വിഷ്ടപമൊക്കെയും വിസ്മയം തീർക്കുന്ന
വെട്ടം പകർന്നു നൽകീടുന്ന വിരലുകൾ
നിദ്രതന്നാഴത്തിലേയ്ക്കാണ്ടീറങ്ങീടുമ്പോൾ
ഹൃത്തിനെ തൊട്ടുണർത്തീടുന്ന വിരലുകൾ






ഉണ്ണിക്കൃഷ്ണൻ മുതുകുളം

# മെറിഡിയൻ ക്ലബ്ബിൽ ഒരു സായാഹ്നം

ഏതൊരു രാത്രിക്കും
മൂക സംഗീതം ഉണ്ടാവാം.
ഇരുണ്ട വെളിച്ചത്തിൽ
രണ്ടു പൂച്ചക്കണ്ണുകൾ
അമ്പു തുളയ്ക്കുന്നതു പോലെ
കരളിലേക്ക് ആഴ്ന്നിറങ്ങി !
ക്ലബ്ബ് ഗായകൻ രാഗം മാറ്റി
നർത്തകിയുടെ ചുവടു പിഴച്ചു.
ഇരുളും വെളിച്ചവും
മാറിമറയുന്ന പ്രകാശ നൃത്തം
പിംഗളകേശിനിയുടെ
മിഴികൾ പാതിയടഞ്ഞു !
ചടുല നൃത്തം, ഒഴിഞ്ഞ
ഗ്ലാസ്സുകൾ നിറച്ചു.
ഇടനാഴികളിൽ
പടർന്നിറങ്ങിയ
ഭൂപട സഞ്ചാരം
ഗായകർ മാത്രം കണ്ടു നിന്നു .
ഈ സമയം
രണ്ടു പൂച്ചകൾ മാത്രം
ബാൽക്കണിയിലേക്ക്
ഓടിക്കയറി

# അഞ്ചു കവിതകൾ



## സ്നേഹനാര്

സ്നേഹനാരിനാലാ-
രെയും കോർത്തിടാം
കൂടപ്പിറപ്പിനെയെന്നപ്പോലെ

മായ്ച്ചിടാമേതു-
കാർക്കശ്യ ചിത്തവും
പുഞ്ചിരി ചാലിച്ച വാക്കിനാൽ

## നിഷ്കളങ്കം

പണത്തിന്
മീതെയും പറന്നിടും
അതി നിഷ്ക്കളങ്കം
ചില ചെറു പ്രാവുകൾ

## മിത്രം

അനിഷ്ട വാക്കു -
കളോതീടുമെങ്കിലും
പതിക്കേണ്ടതില്ല,
ശത്രുത, ചിലരവർ
മിത്രങ്ങൾ തന്നെയാവാം

## ഇഷ്ടം

ഇഷ്ടമാവുമ്പോ -
ഴേതുതെറ്റും ശരിയാവും
മുഷിയുമ്പോ -
ഴേതുശരിയും തലതിരിഞ്ഞിട്ടും!

## മാർക്കറ്റ്

ദരിദ്രമാം തൻ
ജീവിത കഥകളൊക്കെയും
പുതു മാർക്കറ്റ് തീർക്കും
ധനവാന് നാൾക്കുനാൾ!




ശങ്കരൻ കോറോം

കവിത

# കാണുന്നു മുന്നിലൊരു വഴി



മണിയംകുളം കെ. സുബ്രൻ



ഇടവഴിയിൽ
പാദങ്ങൾക്കടിയിൽ
കിര, കിര ഞെരുങ്ങിയ
ചരൽ പരപ്പിനുള്ളിൽ
ഒളിഞ്ഞിരിക്കുന്ന
കൂർത്ത മുള്ളുകൾ
രക്തച്ചുവ രുചിച്ചപ്പോഴും
വേദന ചവച്ചിറക്കിയ കാലം
മുളങ്കാറ്റിൽ ഈണങ്ങൾ
മധുരമായി കാതോരങ്ങളിൽ
ചൊല്ലിയ കുളിർകാലം
മുളപൂത്തുലഞ്ഞിടുന്നു.
മോഹങ്ങൾ മനസ്സുകളിലെങ്ങും
കിനാവായി പെയ്തിറങ്ങിയ ,
പട്ടിണി ഉമിനീർ വറ്റിച്ച നാളുകളിൽ
ഇടവഴിയിൽ മുളപെറ്റിട്ട
മുളയരി മുത്തുമണികളായി
താലോലിച്ച് പെറുക്കി
അരിച്ചെടുത്ത്
വേവിച്ച് പശിമാറ്റിയകാലം
ചെമ്മണ്ണ് വഴികളിലെന്നും
വേലയിൽ വിളഞ്ഞേറിയ
ഉറുമ്പുകളായിരുന്നു.
ഉറുമ്പുകളെല്ലാം ഇന്ന് ഒച്ചുകളായിരിക്കുന്നു
ചെമ്മണ്ണ് വഴികളില്ലാ ഒരിടത്തും
കാണുന്നു മുന്നിലൊരു വഴി
കറുത്ത പെരുംപാമ്പിഴയും പോലെ
ചിരി മറന്നവരുടെ വഴി,
പെരുവഴി ഈ വഴി

# മണ്ണിന്റെ മണം



ശൈലജ വർമ്മ

മാരിക്കാറങ്ങനെ മാനത്തു നിന്നപ്പം
കെഴക്കൂന്ന് കാറ്റും വീശി വന്നല്ലോ
മയിലുകൾ  പീലി നെവർത്തിയാടുമ്പം
കിളികളും വെക്കം കൂടണഞ്ഞേ.

തക തക തക തക തക തക തിത്തിത്തോം
തക തക തക തക തക തക തിത്തിത്തോം

തുമ്പീന്ന് ചീറ്റണ വെള്ളമ്പോലങ്ങനെ
പേമാരി തുള്ളിക്കൊരു കുടമായ്
മണ്ണിന്റെ മണമെത്തി കൂട്ടിനു വായോ
കുഞ്ഞിക്കിടാത്തീ പെണ്ണാളേ നീ.


തക തക തക തക തക തക തിത്തിത്തോം
തക തക തക തക തക തക തിത്തിത്തോം

മാനം തെളിഞ്ഞേ മനവും കുളിർന്നേ
വേല തൊടങ്ങണ്ടേ പാടത്ത്
കണ്ടം നെരത്തണം കട്ടയൊതുക്കണം
വിത്തുവിതയ്ക്കെടീ ചങ്കരിയേ.

തക തക തക തക തക തക തിത്തിത്തോം
തക തക തക തക തക തക തിത്തിത്തോം

പൊന്നിൻ കതിർക്കൊല കൊയ്യാറായല്ല്
പൊന്നരിവാളിങ്ങെടുത്തോടിയേ
പൊന്നിന്റെ താലിയൊരുക്കണം പിന്നെ
പൊന്നുംകുടത്തിനെ സ്വന്തമാക്കാം.

തക തക തക തക തക തക തിത്തിത്തോം
തക തക തക തക തക തക തിത്തിത്തോം





# ഒറ്റക്കൊഴുകുന്ന നദി



രാജൻ തെക്കുംഭാഗം

രാത്രി, അപ്പുവിനുറങ്ങാൻ കഴിഞ്ഞിരുന്നില്ല. അവനെഴുന്നേറ്റ് അടുത്ത വീടിന്റെ മുറ്റത്തേക്കു നോക്കി.

നിലീനയുടെ കുഴിമാടത്തിനു മുകളിലൂടെ, എന്തൊക്കെയോ കൊത്തിപ്പെറുക്കിക്കൊണ്ട് കാക്കകൾ പറന്നുനടക്കുന്നു.

പാതിരാവിൽ പെയ്തമഴയിൽ, നനഞ്ഞ മൺകൂനയിൽ പൂക്കളുടെ വലിയൊരു കൂമ്പാരം.

കുറെ നാളുകളായി അവൾ പറയുന്നു.. നമുക്കൊരു മാടം കെട്ടി കളിക്കാമെന്ന്.

അവളുടെ നിർബന്ധത്തിനു വഴങ്ങിയായിരുന്നു, അവൻ പാമ്പുകളുള്ള അമ്പലപ്പറമ്പിൽ കമ്പുകൾ വെട്ടാനെത്തിയത്!

കൂടെ സുന്ദരിയായ അവളുമെത്തി.

ചുവന്ന പട്ടുപാവാടയും ചുവപ്പും കറുപ്പും നിറങ്ങളിലുള്ള കുപ്പിവളകളുമണിഞ്ഞവൾ. ചുണ്ടിൽ വിരിഞ്ഞ മന്ദഹാസവുമായവൾ!

അമ്മ പലപ്പോഴും പറയുമായിരുന്നു.

'മക്കളെ നിങ്ങളാ പറമ്പിലേക്കൊന്നും പോയേക്കരുത്... ആ പറമ്പിൽ വലിയൊരു പാമ്പമ്മയും അതിന്റ മക്കളുമുണ്ട്!'

അപ്പുവും നിലീനയും കൂടി അമ്പലപ്പറമ്പിൽ നിന്നും ആവശ്യത്തിനുള്ള കമ്പുകൾ വെട്ടിയെടുത്തു.

പിന്നീട്, പുഴയിലിറങ്ങി കാലുകൾ കഴുകി.

കിഴക്കൻ മലകളിൽ നിന്നും പതഞ്ഞൊഴുകിയെത്തുന്ന വെള്ളത്തിന് നല്ല കുളിർമ്മ.

പെട്ടെന്നവൾ പറഞ്ഞു.

'എടാ, എന്റെ കാലിൽ എന്തോ കൊണ്ടു. ദേ, ചോര വരുന്നു!'

അവനാകെ സങ്കടമായി. അപ്പു പറഞ്ഞു.

'നമുക്കമ്മയെ വിളിക്കാം!'

'മുള്ളു കൊണ്ടതായിരിക്കും. അമ്മയോടൊന്നും പറയേണ്ട. അമ്മയറിഞ്ഞാൽ നമ്മളെ വഴക്കു പറയും!'

'ഉം '

അവൻ സങ്കടത്തോടെ മൂ ളുക മാത്രം ചെയ്തു.

അവളുടെ വീട്ടുമുറ്റത്ത് മനോഹരമായൊരു മാടം പണിതു കഴിഞ്ഞപ്പോൾ, അവൾ പോയി ധാരാളം പൂകളുമായി വന്ന്, മുറിയാകെ അലങ്കരിച്ചു.

വിവിധവർണ്ണങ്ങളിലുള്ള പൂക്കളുടെ മത്തുപിടിപ്പിക്കുന്ന സുഗന്ധം.

അവൾ പറഞ്ഞു.

'നമുക്കെന്നെന്നും ഒരുമിച്ച് ഇവിടെ കഴിയാം!'

പിന്നീടവർ, അച്ഛനും അമ്മയുമായി.

അവളവന് ആഹാരം വിളമ്പിക്കൊടുത്തു. പിന്നീടവർ ഉറങ്ങാൻ കിടന്നു.

ഉറക്കത്തിലവൾ ഞരങ്ങുകയും മൂളുകയും ചെയ്തു. വെപ്രാളത്തോടെയവൻ കണ്ണുകൾ തുറന്നു.

അവളുടെ നീലിച്ചകാലുകൾ പിണച്ചു കെട്ടിയിരുന്നു.

വിളറിയ കണ്ണുകൾ തുറന്നിരുന്നു.

അപ്പു വല്ലാത്ത ഭയത്തോടെ വീട്ടിലേക്കോടി!

അച്ഛനുമമ്മയും ധാരാളമാളുകളും അവിടെയെത്തി..

പിന്നീടു നടന്നതൊന്നും അപ്പുവിന് ഓർമ്മിക്കുവാൻ കഴിയുമായിരുന്നില്ല.

എല്ലാമൊരു സ്വപ്നം പോലെ...!

●

# പുഴു

(ഭാഗം 2 )



പ്രദീഷ് കുഞ്ചു

## നാല്

ഇടത്തോട്ട് തിരിച്ച് അമ്മേടെ വീടുവഴി പോകണമോ? അതോ നേരേ തങ്കം ഹോസ്പിറ്റൽ റോഡ് വഴി പോകണമോ? നേരം വൈകിയാൽ പിന്നെ അവളുടെ വാക്കുകളുടെ മൂർച്ച കൂടിവരും. വണ്ടി നേരേതന്നെ.

നേരെപോകുന്നതിനിടക്ക് ഒരു സ്ത്രീ വണ്ടിക്ക് കുറുകെ വന്ന് റോഡ് മുറിച്ചു കടന്നു. വണ്ടി ഇത്ര വേഗത്തിൽ പോകേണ്ട എന്നും റോഡ് കാൽനടക്കാർക്ക് ഉള്ളതാണെന്നും, ഞങ്ങളുടെ വേഗതക്കാണ് പ്രഥമപ്രാധാന്യം എന്നുമുള്ള പലവിധ സൂചനകൾ നല്കിയുമാണ് അവർ റോഡ് മുറിച്ചു കടന്നത്.



വലതുവശത്തുകൂടി കടന്നുപോയ ബസ്സിൻറെ ബോർഡിൽ എഴുതിയ സ്ഥലപ്പേരുകൾ, അയാൾ ഇങ്ങനെ വായിച്ചു. പെരുങ്ങോട്ടുകുറുശ്ശി - കൊഴിഞ്ഞാമ്പാറ. കണ്ണുകൾകൊണ്ട് ടെന്നീസ് കളിക്കാറുള്ള അയാളെ അമ്പെയ്ത്ത് പരിശീലിപ്പിച്ച, പഴകിയ ഒരുവളെ, ആ ബസ്സും ബോർഡും അയാളിലേക്ക് ബെല്ലടിച്ചു കേറ്റി.

- കുഴൽമന്ദം ബസ് സ്റ്റോപ്പ്മുതൽ കോളേജ് സ്റ്റോപ്പ്വരെ, ബസ്സിലിരുന്ന് പുസ്തകം കൈയ്യിൽ തുറന്നുവെച്ച്, ശ്രദ്ധതെറ്റാതെ കണ്ണോട് കണ്ണോരം അമ്പെയ്ത് മുറിവേറ്റ സമയങ്ങൾ. ആ രാധികയെന്ന ആരാധിക, അയാളിൽ മന്ദാരം കണക്കെ മണമുതിർത്തു.

എന്റെ ആശാനേ...

'കണ്ണേറിനാലേ കലുഷക്കടലിൽ കമഴ്ത്തും
പെണ്ണുങ്ങളും പുഴുതിന്നു പൊലിഞ്ഞു പോകും.

തിരക്കുനിറഞ്ഞ പടിഞ്ഞാറേയാക്കരമൊക്കിൽ നിന്നും ഇടത് ഭാഗത്തേക്ക് കുണ്ടും കുഴികളും മാത്രം, കൊണ്ടുണ്ടാക്കിയ തങ്കം ഹോസ്പിറ്റൽ റോഡിലേക്ക് തിരിഞ്ഞു. ഇടക്കിടെ സ്കൂട്ടറിൻറെ ബ്രേക്ക്പിടുത്തത്തിൽ, അയാളുടെ മെലിഞ്ഞ കൈകളിലെ കറുത്തുതെളിഞ്ഞ ഞരമ്പു

കൾ, പുഴുകണക്കെ,തൊലിക്കടയിൽ ചോരയൊഴുക്കിന് തടസ്സമായി ഞെളിഞ്ഞമർന്നു.

ഹോസ്പിറ്റൽ വരെയും അതിന് ശേഷവുമുള്ള റോഡിന്റെ ഇരുവശവും കിലോമീറ്ററോളം ഉണക്കിയെടുത്ത തരിശുഭൂമിയാണ്. ഒരു ഹോസ്പിറ്റൽ ഉണ്ടായാൽ നാട്ടുകാർക്കുള്ള ഏറ്റവും മികച്ച ഗുണം അതിൻറെ അടുത്തുതന്നെ വീടുവെക്കാൻ മികച്ച സ്ഥലം കിട്ടും എന്നുള്ളതാണ്.

റോഡ് അവസാനിക്കുന്ന ഭാഗം, ചുടലപ്പറമ്പ്കണക്കെയെങ്കിലും വിജനമല്ല. കണ്ണ് ചുവപ്പിച്ച്, വായനീര് ഒഴുക്കി, ഒരു മനുഷ്യനെ ഒറ്റക്ക് കടിച്ചുകൊല്ലാൻ ധൈര്യം കാണിച്ച്, അലഞ്ഞു നടക്കുന്ന നായകൾ. വികലാംഗസമം കോടിയ, മുറിഞ്ഞ, ശുഷ്കിച്ച, ശരീരവവുമായി, മാലിന്യ പൊതികൾ മണത്തുമണത്ത്, നല്ലകാലം അയവിറക്കി നടക്കുന്ന ഗോമതാക്കൾ. വെളുത്തതൂവലുകൾ അനക്കാതെ ധ്യാനപൂർവ്വം വിശപ്പ് തിരയുന്ന കൊറ്റികൾ. പരലോകത്തെ ഓർക്കാതെ, അന്നന്നാളത്തെ അന്നത്തിനായി ആഘോഷപൂർവ്വം ആർത്തിപ്പൂണ്ട്, കൂട്ടത്തിലായി കൊത്തിപ്പറക്കുന്ന കാക്കക്കൂട്ടങ്ങൾ. പിന്നെ ലോകചരാചരങ്ങളെ ഉത്പാദിപ്പിക്കുകയും ഉന്മൂലനം ചെയ്യുകയും ചെയ്യുന്ന കാക്കത്തൊള്ളായിരം പുഴുകൂട്ടങ്ങൾ.

ധൈര്യം കുറഞ്ഞതുകൊണ്ടോ എന്നറിയില്ല. പ്രകാശന്റെ സ്ക്കൂട്ടറിന് മുന്നിലൂടെ പേടിച്ചരണ്ട മുഖഭാവത്തോടുകൂടി ഒരു അമ്മപ്പട്ടിയും രണ്ട് കുട്ടിപ്പട്ടികളും സൗമ്യമായി റോഡ് മുറിച്ച് കടന്നു. ആ മാലിന്യപ്പാതയുടെ അരികിലേക്ക്, കനാലിൻറെ ഭാഗത്തോട്ട് മറയാനുള്ള ശ്രമമാണ്.

വായിൽ എന്തോ കടിച്ചുപിടിച്ചിരിക്കുന്നു!

ഒരു കുഞ്ഞുപോലെ!

പട്ടിക്കുഞ്ഞുപോലെ!

അല്ല മനുഷ്യകുഞ്ഞുപോലെ?

ബാക്കി രംഗം പട്ടികൾതന്നെ അഭിനയിച്ചു.

-ഇളയവൻ പട്ടിക്കുട്ടി

ബ'അമ്മേ ഈ മനുഷ്യകുഞ്ഞിൻറെ ഇറച്ചിക്ക് നല്ല രുചികാണും ല്ലേ?

മൂത്തോൻ ഒന്നും ചോദിക്കാതെ നടന്നതേ ഉള്ളൂ.ബ

'മോനേ, ഇത് നമ്മൾ ഭക്ഷിക്കാനല്ല, മറവ് ചെയ്യാനാ കൊണ്ടുപോകുന്നേ'

'അതെന്താ അമ്മേ?'

"മനുഷ്യന്റെ ഇറച്ചിക്ക് ഉപ്പ് കൂടുതലാ കുഞ്ഞേ, ഒരിക്കൽ നുണഞ്ഞാൽ പിന്നെ തീറ്റിനിർത്താൻ കഴിയില്ല'

മൂത്തോൻ ഒന്നും പറയാതെ നടന്നതേ ഉള്ളൂ.

'എല്ലാം കുഞ്ഞുങ്ങളേയും മനുഷ്യർ തിന്നുന്നുണ്ടല്ലോ. പിന്നെന്താ?' - ഇളയവൻറെ ചോദ്യം.

മൂത്തോൻ ഒരു സംശയവും ഉന്നയിക്കാതെ നടന്നതേയുള്ളൂ.

അമ്മപട്ടിക്ക് ഒരു ഉത്തരവും ഇല്ലാതെ നിന്നതേയുള്ളൂ. ഒരു കുഴിയെടുത്ത് ആ കുഞ്ഞു മൃതദേഹം അതിലിട്ട് മൂടി.

തിരിച്ചുനടക്കും നേരം മൂത്തോൻ ചില ഉത്തരങ്ങൾ തേടി നാവ് തുടച്ച് നിന്നതേയുള്ളൂ.

ഇളയോൻ തലതാഴ്ത്തി നടന്നതേയുള്ളൂ.

അമ്മപ്പട്ടിക്ക് മൂത്തോനെ ഉത്തരമില്ലാതെ നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ.

ദൂരെ, വളരെ ദൂരെ ഒരു മയിൽ മങ്ങിയ ആകാശം കണ്ട് പീലിനിവർത്തി ആടുന്നു.

അടുത്ത് പ്രകാശന്റെ വളരെ അടുത്ത് ടോണി പട്ടി അതിന്റെ ചെവികളാട്ടി പുഴുക്കളെ പുറന്തള്ളിക്കൊണ്ടിരിക്കുന്നു.

## അഞ്ച്

വണ്ടി പാളയം വിട്ട് തിരുനെല്ലായി അഗ്രഹാരപാതയിലൂടെ, അതു കഴിഞ്ഞ് പച്ചപ്പാർന്ന ഗ്രാമപാതയിലൂടെ, നേരിയ തോതിൽ കാർബൺഡയോക്സൈഡ് പുറത്തുവിട്ടുകൊണ്ട് വീടെന്നെ ആ ചൂടേറിയ കോൺക്രീറ്റ് ബിൾഡിങ്ങിൽ എത്തിച്ചേർന്നു.

-ടോണിപട്ടിയുടെ ഇടംവലം ചെവിയാട്ടൽ നിലച്ചിരിക്കുന്നു.

പ്രകാശൻ ഫോൺ ചെയ്തപ്പോൾ ആവശ്യപ്പെട്ടതുപോലുള്ള ഒന്നും അവിടെ ചെ

യ്തു കണ്ടില്ല. എങ്കിലും അയാൾക്ക് ദേഷ്യം തോന്നിയില്ല. പഴയപുഴുക്കൾ നാലെണ്ണം ചുറ്റും കൂടികിടക്കുന്നു, എന്നല്ലാതെ പുതിയവ പുറത്തേക്ക് വരുന്നില്ല. ജീവിച്ചിരുന്നപ്പോൾ അവയെ പുറത്തുചാടിക്കാൻ ടോണി ഉണ്ടാക്കിയ ബഹളം ഇപ്പോൾ അവസാനിച്ചതുകൊണ്ടാവാം, അകത്ത് നിറഞ്ഞ ശാന്തതയിൽ അവയൊക്കെ അഭയം പ്രാപിച്ചിരിക്കുന്നത്.

ഒരു ചണചാക്കിൽ ടോണിയുടെ ശവശരീരം ഒതുങ്ങി. ഒരു നരച്ച നീല പ്ലാസ്റ്റിക് ചാക്കിൽകൂടി ഇട്ട്, സ്കൂട്ടറിൽ വെക്കാനുള്ള 'സേഫ്റ്റി'കൂടി ഉറപ്പാക്കി അയാൾ ടോമിയുടെ ശവമഞ്ചം തയ്യാറാക്കി.

ഇനി നിമഞ്ചനം എവിടെ?

അവളാണെങ്കിൽ എന്നത്തേയും പോലെ. ചെയ്യേണ്ടതെന്തെന്നു പറയാതെ ചെയ്തില്ലെങ്കിൽ എന്ത് സംഭവിക്കുമെന്നതിനെപ്പറ്റി നിരന്തരം പ്രാകികൊണ്ടിരുന്നു.

നേരെ മേഴ്സി കോളേജ് ജംക്ഷന് അടുത്തുള്ള സ്ഥലത്തേക്ക് വിടാൻ.
അവിടെ 'വേസ്റ്റ് ഇട്ട എടുക്കുന്ന സ്ഥലം' ഉണ്ടത്രേ.

'ഏത് വേസ്റ്റ്? ഈ ശവം ആണോ നീ ഉദ്ദേശിക്കുന്ന ആ വേസ്റ്റ്?'

'മനുഷ്യാ എന്നെ ദേഷ്യം പിടിപ്പിക്കാതെ വേഗം വിട്ടോ'

അയാൾ ടോണിയെ സ്കൂട്ടറിന്റെ ഇടയിൽ വെച്ച്, രണ്ടു കാലുകൾക്കിടയിൽ ഭദ്രമാക്കി, വണ്ടി വിട്ടു. ആരേലും കണ്ട് സംശയിക്കുമോ എന്നയാൾക്ക് പേടിയുണ്ടായിരുന്നില്ല.

കോൾഡ് സ്റ്റോറേജ് കണക്കെയുള്ള ഹൃദയവുമായി അയാൾ സ്കൂട്ടറിൽ, നിർത്താതെ പരാതികൾ പ്രാകുന്ന ഭാര്യയേയും, ഈ ഭൂമിയിലെ തൻറെ എല്ലാ പരാതികൾക്കും പരിഹാരം കണ്ട ടോണിപട്ടിയേയും വഹിച്ചുകൊണ്ട് ഒഴുകികൊണ്ടിരുന്നു.

വണ്ടി മേഴ്സി കോളേജ് ജംക്ഷന് അടുത്തുള്ള, പെട്രോൾ പമ്പിന് എതിരുള്ള സ്ഥലത്തേക്ക് തിരിഞ്ഞു. റോഡ്സൈഡ് തന്നെ ആ 'വേസ്റ്റ് ഇട്ട എടുക്കുന്ന സ്ഥലം'. മാലിന്യമല!

മുനിസിപ്പാലിറ്റിയുടെ വണ്ടി ആ സ്ഥലത്തുവന്ന്, വേസ്റ്റ് എടുത്ത ലക്ഷണങ്ങൾ, സൂചനകൾ, എന്തോ പ്രകാശന് കണ്ടെത്താൻ കഴിഞ്ഞില്ല.

'വേഗം ഇട് മനുഷ്യാ'- അവൾ

ഇടത്തേയറ്റം, ബേക്കറിയിൽ ജ്യൂസ് അടിച്ചുകഴിഞ്ഞ പഴത്തിന്റെ ചണ്ടി, ചാലിലേക്ക് വലിച്ചെറിഞ്ഞ, ചുവന്ന തൊപ്പിയും ചുവന്ന ടീഷർട്ടും ധരിച്ച ബംഗാളി പയ്യൻ അയാളെ കണ്ടതേയില്ല.

വലത്തേയറ്റം, തേപ്പുകടയിൽ ബീടിപ്പുക ആകാശത്തേക്ക് വിക്ഷേപിച്ചുകൊണ്ടിരുന്ന, നരച്ച നീല ഷർട്ടും നരച്ച പച്ച ലുങ്കിയും ധരിച്ച വയസ്സൻ, പ്രകാശനെ കണ്ടതായി ഭാവിച്ചതേ ഇല്ല.

നരച്ച നീലനിറമുള്ള സിമൻറ്ചാക്ക് മാലിന്യകൂമ്പാരത്തിന് മുകളിൽ പതിച്ചു. പിന്നെ നിന്നു. പിന്നെ ഉരുണ്ടു. പിന്നെ വീണു. പിന്നെ നിന്നു. ഒടുവിൽ പലതിൽ ഒന്നായി മങ്ങി, മറഞ്ഞു.

അയാളുടെ ഹൃദയം, വണ്ടിയേക്കാൾ വേഗത്തിൽ സ്ഥലം വിട്ട് പോകാൻ സ്റ്റാർട്ട് ചെയ്തു. പുഴുക്കളെ പിഴിഞ്ഞുകൊന്നെന്നതുപോലെ ആക്സിലേറ്റർ അയാളുടെ കൈകളിൽ കിടന്ന്, വഴുതി വഴുതി തിരിഞ്ഞു മുറുകി.

ആശ്വാസത്തിൽ ഒഴിഞ്ഞിറങ്ങിയ അവളുടെ മൗനവും, നിരാശയിൽ നിറഞ്ഞ പ്രകാശൻറെ മൗനവും ഒരുമിച്ച സമയം. സമതലമല്ലാത്ത മനസ്സ് വണ്ടിയേക്കാൾ വേഗത്തിൽ കുണ്ടും കുഴിയും ചാടികൊണ്ടിരിന്നു. അയാളുടെ വളർച്ചയുടെ വേഗം മുന്നോട്ടുപോകുന്തോറും കുറഞ്ഞു കുറഞ്ഞു വന്നു. വേഗമേറിയ അയാളുടെ വണ്ടിയുടെ കുറുകെ ആരൊക്കെയോ കയറിവന്നു.

'മാഷേ, മാഷ്ഓർക്കുന്നുണ്ടോ? അന്ന് വൈകുന്നേരം'
-പ്രമോദാണ്.

അന്ന് വൈകുന്നേരം അയാളും അയാളുടെ വിദ്യാർത്ഥി, പ്രമോദും കോളേജ് വിട്ട് സ്കൂട്ടറിൽ.

പ്രമോദിനെ അവന്റെ വീടിനടുത്തുള്ള ജംക്ഷൻവരെയാക്കാനായി യാത്ര ചെയ്യുന്ന നേരത്ത, വണ്ടി പുഴപ്പാലം എത്തിയ സമയം. വെറുമൊരു വെള്ളക്കെട്ട് മാത്രമായി അവശേഷിച്ച, ആഫ്രിക്കൻ പായലും, കുളവാഴയും മൂടിയ ശോകനാശിനിപുഴയെ നോക്കി പ്രകാശൻ ചോദിച്ചു.

'പ്രമോദേ, പ്രമോദിന് തോന്നുന്നുണ്ടോ? നമ്മളീ കുളങ്ങളും പുഴയും കിണറും ഒക്കെ നന്നാക്കിയിട്ട്, നാട്ടുകാർക്ക് നന്നാവാൻ തോന്നുമെന്ന്?ബ

'അയാളിൽ കുളിര് കോരിച്ചൊരിഞ്ഞ പ്രമോദിന്റെ ഉത്തരം 'മാഷേ, നമ്മളിങ്ങനെ ചെയ്ത് ചെയ്തു കൊണ്ടിരിക്കുന്നത് നാട്ടുകാര് നന്നാവാനല്ല, ചെയ്ത് ചെയ്ത് നമ്മള് നന്നാവാനല്ലേ?'

'മാഷേ, നമുക്ക് നന്നാവാൻ പറ്റും മാഷേ'

ചോദ്യചിഹ്നത്തിന്റെ അറ്റം പ്രകാശന്റെ തൊണ്ടയിൽ വന്ന് കൊത്തി.

ബ അയാൾ വാങ്ങിക്കൂട്ടിയ സംസ്ഥാന, സർവ്വകലാശാല അവാർഡുകളിൽ പുഴുക്കൾ മേഞ്ഞു തുടങ്ങുന്നു.ബ

ഇരുപത്തഞ്ചോളം കുളങ്ങൾ നവീകരിച്ചെടുക്കാൻ എല്ലുമുറിയെ പണിയെടുത്ത ആൺകുട്ടികളെ വെല്ലുന്ന അയാളുടെ വിദ്യാർത്ഥി പെൺകുട്ടികൾ ചെളിനിറഞ്ഞൊഴുകുന്ന വസ്ത്രത്തോടെ, അയാളുടെ മുന്നിൽ വന്ന് കണ്ണീരോടെ വിളിച്ചുകൊണ്ടിരുന്നു.

മാഷേ....

'മാഷേ, എത്ര പേര് സമൂഹത്തിന് ഉപദ്രവങ്ങൾ മാത്രം നൽകുമ്പോൾ, നമ്മള് എത്ര നന്മകളാ ചെയ്തുകൂട്ടുന്നത്. നമ്മള് സൂപ്പറാണ് മാഷേ'

അയാളിലെ സൂപ്പർസ്റ്റാർ വേഷം ഉരുകിയൊലിച്ചു. അയാൾ വാങ്ങിയ പുരസ്കാരങ്ങളുടെ ചില്ലുകളിലൂടെ കൂടുതൽ പുഴുക്കൾ ഇഴഞ്ഞുനീങ്ങി.

## ആറ്

വീടിന് മുന്നിൽ വണ്ടി നിർത്തി. ചീവീടിന്റെ ശബ്ദം നോട്ടിഫിക്കേഷൻ ടോൺ ആയി മൂളിയ ഫോണെടുത്ത്, യാതൊരു വികാരഭാരവും കൂടാതെ അയാൾ ഭാര്യയോട് പറഞ്ഞു.

'കുറേ നാളായി ആ സുരേന്ദ്രൻ മാഷ് വിളിക്കുന്നു. ഞാനൊന്ന് കണ്ട് വരാം.

'ഇപ്പഴോ' ഭാരമില്ലാതെ അവൾ ചോദിച്ചു.

'ആ. ആ സ്റ്റോപ്പിനടുത്ത്തന്നെയാ വീട്. ഇപ്പ വരാം'

അയാൾ വണ്ടി തിരിച്ചു.

വണ്ടി ചീറിപാഞ്ഞു.

വണ്ടി വീണ്ടും മേഴ്സി കോളേജ് ജംക്ഷന് അടുത്തുള്ള പെട്രോൾ പമ്പിന് എതിരുള്ള സ്ഥലത്തേക്ക് തിരിഞ്ഞു.

വണ്ടി വീണ്ടും ആ 'വേസ്റ്റ് ഇട്ട എടുക്കുന്ന' സ്ഥലത്തേക്ക് എത്തി.

അയാൾ ആ മാലിന്യ മലക്ക് മുന്നിൽ, അനന്തമായ ലോകത്തിന്റെ അജ്ഞാനിയായ പ്രതിനിധിയായി നിന്നു.

എവിടെ ആ നരച്ച നീലചാക്ക്?.

പതിച്ച, ഉരുണ്ട, നിന്ന, ഇടം അപ്പുറമാണ്. അയാൾ ആ മാലിന്യമലയുടെ പുറകുവശത്തുകൂടി അതിനെ തിരഞ്ഞുനടന്നു.

കുറ്റിച്ചെടികൾ, വള്ളിപ്പടർപ്പുകൾ. ആകെ തെളിഞ്ഞ ആകാശത്തിൽ തീരെ ചെറിയ നിഴൽ പുഴുവായി, അയാളാ ചെറിയ കാടകം പൂണ്ടു.

വള്ളികളിലും പുല്ലുകളിലും നിറയെ വെള്ളി വെളിച്ചമാണ്. നീലിച്ച വെള്ളിവെളിച്ചം. മിന്നാമിനുങ്ങും ഈച്ചയും ചേർത്തുവെച്ച പോലെ ആ ജീവിവർഗം. അവ എല്ലാ പച്ചപ്പിനെയും അടച്ചുപിടിച്ചങ്ങനെ വെട്ടത്തിലാക്കുന്നു. നിശബ്ദമായി ഇരുട്ടിനെ പഠിക്കുന്നു. ഈർപ്പം പുറത്തേക്ക് ഒഴുക്കിയും ഹരിതകം ഉറിഞ്ചിയെടുത്തും, അവ നിലാവ് പരത്തുന്നു. ആ വെളിച്ചത്തിൽ നരച്ച നീല സിമൻറ്ചാക്കിൽ പൊതിഞ്ഞ, ടോണിയുടെ ശവകച്ച പെട്ടന്ന്തന്നെ അയാൾ തിരിച്ചറിഞ്ഞു.

താങ്ങിയെടുത്തപ്പോൾ ടോണിയുടെ മൃ

തദേഹം, അയാളുടെ കയ്യിൽകിടന്ന് പുള ഞ്ഞു.

തണുത്ത, എങ്കിലും ഉറയ്ക്കാത്ത വഴു വഴുപ്പ്.
-ടോണിയുടെ ചെവികൾ രണ്ടും അയാൾ മറന്നിരുന്നു.

## ഏഴ്

പ്രകാശൻ വീട്ടിൽ തിരിച്ചെത്തി.

ആ വലിയ വീടിന്റെ അകത്തളം കനൽ നിറച്ച നെരിപ്പോട് കണക്കെ മഞ്ഞളിച്ചി രുന്നു.വീടിൻറെ പുറത്തെ ബൾബുപോലും ഇട്ടിട്ടില്ല. ആ വലിയ വീടിൻറെ ചെറിയ മു റ്റം, പാതിയും അന്തകാരത്തിലാണ്.

വണ്ടി ഗേറ്റിന് വെളിയിൽ നിർത്തി, അ യാൾ ചാക്കുമായി നീങ്ങി.

ബയോവേസ്റ്റ്ബിന്നിൻറെ മൂടി അയാൾ എടുത്തു മാറ്റി.

പകുതിയോളം ദഹിക്കാത്ത മാലിന്യങ്ങ ളും, അതിൻറെ പകുതിയോളം അട്ടപ്പുഴു ക്കളും, പിന്നെ രണ്ടു മിൽമ പാൽപാക്കറ്റും.

അയാൾ ടോണിയെ അതിലേക്ക് എടു ത്തുകിടത്തി.

ഇടത്തേ കൈയിലെ ടോണിയുടെ തല, കഴുത്തിൽ നിന്നും ഇളകിമാറാൻ വെമ്പുന്ന പോലെ കുഴഞ്ഞുപോയിരിക്കുന്നു.

കയ്യിലെ വിരലുകൾ ടോണിയുടെ ചെ വിയിലോ, താഴെ, ബിന്നിലെ പുഴുക്കളിലോ തൊട്ടതണുപ്പ്! ഷോക്കേറ്റെന്ന പോലെ അ യാൾ കൈകൾ വലിച്ചെടുത്തു.

കൈ ബിന്നിന്റെ അരികിൽ കോറി മു റിഞ്ഞു.
കൈമുട്ടിന് താഴെ, വെളുത്ത, പിന്നെ റോ സ് നിറമണിഞ്ഞ, പിന്നെ ചുവപ്പണിഞ്ഞ, പിന്നെപ്പിന്നെ കറുപ്പണിയേണ്ട വിധം തൊ ലി ആഴത്തിൽ കീറി.

ചോര ചാലുകീറിയൊഴുകി.

ടോണി ശവാസനത്തിൽ എന്നപോലെ, മാലിന്യതൊട്ടിയിൽ പാതിമുങ്ങി, പൊങ്ങി കിടന്നു.

കൈത്തണ്ടയിലൂടെ ചോര, വിരലിലൂടെ ചോര, ടോണിയുടെ ഇളിച്ചു കാട്ടുന്ന മഞ്ഞ പല്ലിലേക്ക് ഇറ്റിറ്റു വീണു.

ടോണിയുടെ വയറുനിറയേപാർത്ത പു ഴുക്കൾ, ചോരമണം കേട്ട് പുറത്തേക്ക് ഇര മ്പിയൊഴുകുമോ, എന്ന് പേടിച്ച് അയാൾ ധൃതിയിൽ ബിന്നിൻറെ മൂടിയെടുത്ത് അ ടച്ചു.

പിറ്റേ ദിവസം-
സിമൻറിന്റെ താമരക്കുളം ആ ബി ന്നിൻറെ മുകളിൽ സ്ഥാനം പിടിച്ചു.

ആ ദിവസത്തിൻറെ പിറ്റേ ദിവസം-
കറുത്ത ഉടലും വെള്ളിച്ച ചിറകുകളുമാ യി എട്ട് ഗപ്പി മീനുകളും.

അതിൻറെ പിറ്റേ ദിവസം-
ചെറുചട്ടികളിൽ പൂച്ചെടികൾ നിരന്നു.

അതിൻറെ യും പിറ്റേ ദിവസം-
അവളുടെ അമ്മ-
'ഇവിടെ വെച്ച പുൽത്തയിലകുപ്പി എ ന്ത്യേടീ?'

അതിൻറെ യും പിറ്റേ ദിവസം-
അവളുടെ അമ്മ-
'ഇവിടത്തെ ലൈസോൾ വെച്ചത് കാണു ന്നില്ലല്ലോടീ '.

അതിന്റെ പിറ്റേ ദിവസം-
മൂത്തമോൻ മിഥുൻ-
'അപ്പാ ഒരു പുതിയ വെളുത്ത പുഴു.'
കൂടെ ഇളയ മോൻ റെയ്ൻ-
'അപ്പാ പുയൂ'

അയാളുടെ കൈമുട്ടിനുകീഴിലെ മുറി വിൽ നിന്നും ആദ്യപുഴു, അതിന്റെ തല പുറത്തേക്കിട്ടു.

●